Freethought press

# ആധുനിക ചികിത്സയും അശാസ്ത്രീയ ചികിത്സകളും

ജോസഫ് വടക്കൻ

# ആധുനിക ചികിത്സയും അശാസ്ത്രീയ ചികിത്സകളും

ജോസഫ് വടക്കൻ

ഫ്രീതോട്ട് പ്രസ്സ്
പ്രസിദ്ധീകരണ വിഭാഗം
യുക്തിവാദ പഠനകേന്ദ്രം
കൊച്ചി – 26, ഫോൺ: 8281186824

വില – 20 രൂപ

# ആമുഖം

പ്രപഞ്ചം രൂപമെടുത്തിട്ട് 1300 കോടിവർഷങ്ങൾ. സൗരയൂഥം രൂപം കൊണ്ടിട്ട് 500 കോടിവർഷങ്ങൾ. ഭൂമിയിൽ ബാക്ടിരിയ ഉണ്ടായിട്ട് 350 കോടിവർഷങ്ങൾ. പ്രാചീനമനുഷ്യൻ രുപമെടുത്തിട്ട് 20 കോടിവർഷങ്ങൾ. ആധുനിക മനുഷ്യൻ ഉണ്ടായിട്ട് 5 കോടിവർഷങ്ങൾ. മനുഷ്യൻ ഉണ്ടായപ്പോൾ മുതൽ രോഗങ്ങളും അവനെ പീഡിപ്പിക്കാൻ തുടങ്ങി. കാരണം, മനുഷ്യൻ ഉണ്ടാകുന്നതിനുമുമ്പേ രോഗകാരികളായ വൈറസുകളും, ബാക്ടിരിയകളും, ഫംഗസുകളും, പ്രോട്ടോസോവ കളുമൊക്കെ ജന്മമെടുത്തിരുന്നു എന്നതുതന്നെ. വയറിളക്കവും, മലമ്പനിയും, ടെററനസുമെല്ലാംകൊണ്ട് മനുഷ്യൻ മരിച്ചു. പാമ്പും മററു ജന്തുക്കളും അവനെ ആക്രമിച്ചുകൊന്നു. മരണത്തിനു മുന്നിൽ പ്രാകൃതമനുഷ്യൻ പകച്ചുനിന്നു. മരണകാരണം ദുഷ്ടശക്തികളുടെ (ഭൂത, പ്രേത, പിശാചുക്കൾ) കോപമാണെന്ന സങ്കൽപ്പത്തിലെ ത്തിചേർന്ന അവൻ അവയെ പ്രീണിപ്പിക്കാനായി ആരാധനയും മന്ത്രവാദവുമൊക്കെനടത്തി. സർപ്പാരാധനയും മൃഗബലിയും കോഴിക്കുരുതിയുമൊക്കെ അതിന്റെ ബാക്കിപത്രങ്ങളാണ്. ഗോത്രജീവിയായപ്പോൾ മരണത്തിനു പരിഹാരം തേടി അവൻ ചെന്നത് ഗോത്രത്തലവന്റെ അടുത്താണ്. ഗോത്രത്തലവൻ മന്ത്ര തന്ത്രങ്ങൾകൊണ്ടു മരണത്തെയകററാമെന്നുപദേശിച്ചു. ഗോത്ര ത്തലവൻ പുരോഹിതനും, മന്ത്രവാദിയുമായിമാറി. പിന്നീട് ഈ ഗോത്രത്തലവൻ വൈദ്യനുമായി. മന്ത്രതന്ത്രങ്ങൾക്കൊപ്പം ചുററു വട്ടത്തെ ചെടികളും, ധാതു ലവണങ്ങളുമൊക്കെ ഔഷധങ്ങളാക്കി മാററി. ട്രയൽ ആന്റ് എറർ മെത്തേഡിലുടെ ചികിത്സപുരോഗമിച്ചു. മനുഷ്യൻ ഉള്ളിടത്തെല്ലാം പ്രാകൃതചികിത്സകൾ ഉദയംകൊണ്ടു. ആയൂർവ്വേദവും, യുനാനിയും, സിദ്ധയും, ഗ്രീക്ക്വൈദ്യവും, ചൈനീസ് വൈദ്യവും, അലോപ്പതിയും, ഹോമിയോപ്പതിയുമൊക്കെ ഇത്തരത്തിൽ രുപം കൊണ്ട പ്രകൃത ചികിത്സകളാണ്. ശാസ്ത്രം രുപമെടുത്തതോടെ, ശാസ്ത്രത്തിന്റെ സഹായത്തോടെ ആധുനികവൈദ്യം രുപമെടുത്തു. അതിന്റെ വളർച്ചയിൽ കാലക്രമേണ പ്രാകൃത ചികിത്സകളിൽ ഭൂരിഭാഗവും അപ്രത്യക്ഷമായി.

മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭരണകുടത്തിന്റെയും പിൻബലത്താൽ ചിലവ ഇന്നും നിലനിൽക്കുന്നു അഥവാ നില നിർത്തപ്പെടുന്നു. ഇൻഡ്യൻ ഭരണഘടനയുടെ പാർട്ട് നാല് മൗലിക ധർമ്മങ്ങൾ (Fundamental Duties) 51 A (h) ശാസ്ത്ര ബോധവും അന്വേഷണധ്വരയും വളർത്തിയെടുക്കുക ഓരോ പൗരന്റെയും ധർമ്മമാണെന്ന് പറയുന്നു. പക്ഷെ നമ്മുടെ രാഷ്ട്രിയക്കാരും ഭരണകർത്താക്കളും ന്യായാധിപന്മാരുമൊക്കെ ഇതിനു വിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. നെഹ്റുവിന്റെ കാലത്ത് ഒരു കപട ചികിത്സയേയും കേന്ദ്രസർക്കാർ അംഗീകരിച്ചിരുന്നില്ല. 1958-ലെ EMS സർക്കാരിന്റെ കാലത്ത്, ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ഡോ. എ. ആർ. മേനോൻ, കേരളത്തിൽ ആദ്യത്തെ ഹോമിയോ ഡിസ്പൻഡറി സ്ഥാപിക്കാനായി കേന്ദ്രസർക്കറിന്റെ അനുമതിതേടി. അന്ന് കേന്ദ്രത്തിൽ ആധുനിക വൈദ്യത്തിനുള്ള മന്ത്രാലയവും ഡയറക്ടറേററും മാത്രമേ ഉണ്ടായിരുന്നുള്ളു. 1958-ൽ കോട്ടയത്ത് (കുറിച്ചി) ആദ്യത്തെ ഹോമിയോ മെഡിക്കൽ കോളേജ് സ്ഥാപിക്കുമ്പോഴും ഇതായിരുന്നു സ്ഥിതി. 1973-ൽ കേരളത്തിൽ ഒരു ഹോമിയോ ഡയറക്ടറേററ് സ്ഥാപിക്കുമ്പോഴും, കേന്ദ്രത്തിൽ ഹോമിയോയ്ക്ക് ഒരു ഡയറക്ടറേററ് ഇല്ലായിരുന്നു. 1973-ൽ പാർലമെന്റ് ഹോമിയോ കേന്ദ്രകൗൺസിൽ നിയമം പാസ്സാക്കിയെങ്കിലും 1974-ൽ മാത്രമാണ് കേന്ദ്രത്തിൽ ഹോമിയോ കൗൺസിൽ നിലവിൽ വരുന്നത് (Central Council of Homeopathy). ഇന്നതുവളർന്ന് അശാസ്ത്രീയ ചികിത്സകൾക്കെല്ലാം കൂടി AYUSH എന്നൊരു ഡയറക്ടറേറ്റും അതിനൊരു മന്ത്രിയും എന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. ലോകത്തൊരിടത്തും കപടശാസ്ത്രങ്ങൾ സർക്കാർ ചിലവിൽ പഠിപ്പിക്കുന്നില്ല; ഇൻഡ്യ യിലൊഴിച്ച്. നമ്മുടെ ഭരണാധികാരികൾ എത്രമാത്രം ശാസ്ത്ര ബോധമുള്ളവരാണ്; ഭരണഘടനയെ മാനിക്കുന്നവരാണ് എന്ന് ഇത് വ്യക്തമാക്കുന്നു. ശാസ്ത്രബോധം സമൂഹത്തിൽ വളർത്തിയെടുക്കാൻ ശ്രമിക്കേണ്ട പുരോഗമന പ്രസ്ഥാനങ്ങൾ ശാസ്ത്രത്തെ എന്നേ കൈയ്യൊഴിഞ്ഞു. യുക്തിവാദം എന്നതു ശാസ്ത്രാധിഷ്ഠിത ചിന്തന രീതിയല്ലാതായിരിക്കുന്നു. കപടയുക്തിവാദികളും, കപടശാസ്ത്ര പ്രചാരകരും അരങ്ങുവാഴുന്നു. നവോത്ഥാനത്തിന്റെ മൂല്യങ്ങൾ കശാപ്പു ചെയ്യപ്പെടുന്നു. ഇവർ കേരളത്തെ മാത്രമല്ല, ഭാരതത്തെത്തന്നെ ഇരുണ്ട യുഗത്തിലേക്കു തിരിച്ചുനടത്തുവാൻ ഭഗീരഥയത്നം നടത്തുന്നു. ഇവിടെയാണ് സ്വതന്ത്രചിന്തയുടെയും സ്വതന്ത്രചിന്തകരുടെ കൂട്ടായ്മയുടെയും പ്രസക്തി.

ചികിത്സ രണ്ടേയുള്ളു: തെളിയിക്കപ്പെട്ടതും, തെളിവില്ലാത്തതും. "It is time for Scientific Community to stop giving alternative Medicine a free ride. There cannot be two kinds of Medicine Conventional and alternative. There is only Medicine

that has been adequately tested and Medicine that has not, Medicine that works and Medicine that may not works. Once a treatment has been tested rigorously it no longer matters whether it was considered alternative at the out set. If it is found to be reasonably safe and effective it will be accepted. But assertions expectations and testimonials do not substitute for evidence. (The Risk of untested Remedics-Augel-New England journal of Medicine–1998) ആർഷപാരമ്പര്യവാദത്തിനു പിന്നാലെ പായുന്ന ഭ്രാന്തൻ മനസ്സുകൾക്ക് ശാസ്ത്രസത്യങ്ങൾ രുചിക്കില്ല. ജനങ്ങൾക്ക് അവരർഹിക്കുന്ന ഭരണകൂടങ്ങളേ ലഭിക്കു എന്ന് പ്ലേറോ പറഞ്ഞതിനെ ശരിവയ്ക്കുന്നു നമ്മുടെ ഭരണകൂടങ്ങൾ. ഭക്ഷണത്തിലും, ചികിത്സയിലും, ചിന്തയിലും മതവും രാഷ്ട്രയവും കലർത്തുന്നു. ഇതിനെ തടയാൻ സ്വതന്ത്രചിന്തകരുടെ ശക്തമായ കൂട്ടായ്മക്കേ കഴിയു. ദൈവം, പിശാച്, സ്വർഗ്ഗ നരകങ്ങൾ എന്നിവയെമാത്രം തള്ളിക്കളഞ്ഞതുകൊണ്ട് ഒരാൾ സ്വതന്ത്ര ചിന്തകനാകുന്നില്ല. അനേകം അശാസ്ത്രീയ വിശ്വാസങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ നിലനൽക്കുന്നുണ്ട്. വൈരുദ്ധ്യാത്മക ഭൗതികവാദം, ഗാന്ധിസം, ആയുർവ്വേദം, ഹോമിയോപ്പതി, യുനാനി, സിദ്ധ, പ്രകൃതചികിത്സ, വാസ്തുശാസ്ത്രം എന്നിങ്ങനെ. ഇത്തരം സെക്കുലർ അന്ധവിശ്വാസങ്ങളെക്കൂടി തള്ളിക്കളയുന്നവനാണ് യഥാർത്ഥ സ്വതന്ത്രചിന്തകൻ. സ്വതന്ത്രചിന്ത എന്നാൽ എന്തും ചിന്തിക്കുന്ന ഒരുരീതിയല്ല. അതു ശാസ്ത്രബോധത്തിലധിഷ്ഠിതമാണ് ശാസ്ത്രാധിഷ്ഠിത ചിന്തനമാണ്. സ്വതന്ത്രചിന്തയും, സ്വതന്ത്ര ചിന്തകരും, അവരുടെ കൂട്ടായ്മയും കാലഘട്ടത്തിന്റെ ആവശ്യമാണ്, അനിവാര്യതയാണ്.

# എന്താണുരോഗം - എന്താണുമരുന്ന്, മരുന്നുപരീക്ഷണം

അറിയാവുന്നതോ അറിയാത്തതോ അയ ഏതെങ്കിലും ഒരു കാരണത്താൽ ഏതെങ്കിലും വ്യവസ്ഥയുടെയോ, ഭാഗത്തിന്റെയോ, അവയവത്തിന്റെയോ സ്വഭാവിക പ്രവർത്തനത്തിലും, ഘടനയിലും പ്രകടമാകുന്ന വ്യതിയാനങ്ങളെയും, ലക്ഷണങ്ങളെയും, അടയാളങ്ങളെയും, തടസ്സങ്ങളെയുമാണ് രോഗം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. (Disease – any deviation form or interruption of the normal structure or function of any body past, organ or system that is manifested by a characteristic of symptoms and signs and whose Etiology, Pathology and Prognosis may be known or unknown.) മരുന്ന് എന്ന് പറഞ്ഞാൽ രോഗംനിർണ്ണയിക്കുവാനോ, തടയുവാനോ (പ്രതിരോധിക്കുവാനോ), സുഖപ്പെടുത്തുവാനോ ഉപയോഗിക്കുന്ന രാസപദാർത്ഥമാണ്. (Drug – a chemical substance, used in the treatment, prevention and diagnosis of disease in man and animals) – രോഗചികിത്സയിൽ ഉപയോഗിക്കുന്ന വളരെ പ്രധാനപ്പെട്ട ഔഷധമാണ് ആൽക്കലോയിഡുകൾ. ഏതാണ്ട് ആറായിരത്തോളം ആൽക്കലോയിഡുകൾ കണ്ടെത്തിയിട്ടുണ്ട്. നിക്കോട്ടിൻ, റിസർപ്പിൻ, അട്രോപിൻ എന്നിങ്ങനെ നിരവധി ആൽക്കലോയിഡുകൾ. സസ്യങ്ങളിൽനിന്നും വേർതിരിച്ചെടുക്കുന്ന ഗ്ലൈക്കോസൈഡുകളാണ് ഡിഗോക്സിൻ (Digoxin) ഡിജിടോക്സിൻ (Digitoxin) തുടങ്ങിയവ. ടാനിൻ (Tannin) ഉദാഹരണമാണ് കററാച്ചു ടാനിൻ, Fats & Oils ന് ഒലിവ് ഓയിൽ, ആവണക്കെണ്ണ, ലിൻസീഡ് ഓയിൽ( Linseed oil) തിയോബ്രോം എണ്ണ (Theobrom oil) തുടങ്ങിയവ ഉദാഹരണങ്ങളാണ്.

Volatile oils ആണ് Chenopodium oil, Clove oil, Turpentine, Peppermint oil തുടങ്ങിയവ. സസ്യങ്ങളിൽനിന്നും എടുക്കുന്നപശകളും (Waxes) റെസിനുകളും (Resins) രോഗചികിത്സക്കായി ഉപയോഗിക്കുന്നുണ്ട്. കായം (Asafoitida), podophyllum Resin തുടങ്ങിയവ റെസിനുകൾക്ക് ഉദാഹരണങ്ങളാണ്. മൃഗങ്ങളിൽ നിന്നുള്ളഹോർമോണുകൾ ചികിത്സയിൽ ഉപയോഗിക്കുന്നതിനുദാഹരണങ്ങളാണ് പിററ്യൂററി ഇൻജക്ഷൻ, ഇൻസുലിൻ, തൈറോയിഡ് ഹോർമോൺ, കൊറിയോണിക് ഗൊണോഡോട്രോഫിൻ (Chorionic Gonadotrophin), സിറം ഗോണാഡോട്രോഫിൻ (Serum Gonadotrophin) തുടങ്ങിയവ. സൂക്ഷ്മ

ജീവികളിൽ നിന്നും ഉല്പാദിപ്പിക്കുന്നവയാണ് ആന്റിബയോട്ടിക്കുകൾ. ക്ലോറാം ഫെനിക്കോൾ, സെട്രപ്റ്റോമൈസിൻ, നിയോമൈസിൻ, ടെട്രാസൈക്ലിൻ, എരിത്രോമൈസിൻ തുടങ്ങിയവ ആക്ടിനോമൈസെറ്റുകളിൽ നിന്നും ഉല്പാദിപ്പിക്കുന്നവയാണ്. ബാക്ടിരിയകളിൽ നിന്നും ഉല്പാദിപ്പിക്കുന്നവയാണ് Bacitracin, Subtilin, Polymyxins, Colistin തുടങ്ങിയവ. പെനിസിലിയംനൊട്ടാറ്റം എന്ന ഫംഗസിൽനിന്നും ഉല്പാദിപ്പിക്കുന്നവയാണ് പെനിസിലിനുകൾ. ഇവകൂടാതെ എൻസൈമുകളും രോഗചികിത്സയിൽ ഉപയോഗിക്കുന്നുണ്ട്. E.Coli യിൽ നിന്നെടുക്കുന്ന L-asparaginase തന്നെ ഉദാഹരണം. മംഗ്നീഷ്യം ഓക്സൈഡ്, മംഗനീഷ്യം സൾഫേറ്റ്, സോഡിയം ഹൈഡ്രോക്സൈഡ്, സോഡിയം ക്ലോറൈഡ്, പൊട്ടാസ്യം ഐയോഡൈഡ്, പൊട്ടാസ്യം നൈട്രേറ്റ്, ഫെറസ് സൾഫേറ്റ് തുടങ്ങി പലമിനറലുകളും ഔഷധങ്ങളായി ഉപയോഗിക്കപ്പെടുന്നു. കൃത്രിമമായി നിർമ്മിക്കപ്പെടുന്ന ഔഷധങ്ങളുടെ കൂട്ടത്തിൽ പെടുന്നവയാണ് ആസ്പിരിൻ, സൾഫണാമൈഡുകൾ, പ്രൊപ്രനോലോൺ തുടങ്ങിയവ. റെനിൻ, പെപ്സിൻ തുടങ്ങിയ എൻസൈമുകളും ചികിത്സക്കായി ഉപയോഗിക്കുന്നു. പന്നിയുടെ പാൻക്രിയാസിൽ നിന്നെടുക്കുന്ന പാൻക്രിയാറ്റിൻ മറ്റൊരുദാഹരണം.

പഠനങ്ങളിലൂടെ ഔഷധമൂല്യമുള്ള വസ്തുക്കളിലെ ഘടകങ്ങളുടെ രാസഘടനയാണ് ഔഷധത്തിന്റെ ഗുണത്തിനാധാരം എന്നുകണ്ടെത്തി. രസതന്ത്രത്തിന്റെയും ഭൗതികശാസ്ത്രത്തിന്റെയും സഹായത്തോടെ പദാർത്ഥങ്ങളുടെ തന്മാത്രാഘടന വിശകലനം ചെയ്യാനുള്ള മാർഗ്ഗം കണ്ടെത്തിയതോടെ സസ്യങ്ങളിൽനിന്നും മറ്റും വേർതിരിച്ചെടുക്കുന്ന ആൽക്കലോയിഡുകൾ തുടങ്ങിയ ഔഷധങ്ങൾ കൃത്രിമമായി നിർമ്മിക്കാമെന്നുവന്നു. കാലകാലങ്ങളായി ക്ലിനിക്കൽ ട്രയലുകളുടെ പിൻബലത്തിൽ ഔഷധങ്ങളായി ഉപയോഗിച്ചിരുന്ന പല പദാർത്ഥങ്ങളുടെയും മനുഷ്യശരീരത്തിലെപ്രവർത്തനം എങ്ങിനെ എന്തെന്ന് കൃത്യമായി മനസിലാക്കാൻ കഴിഞ്ഞു. സിന്തെറ്റിക് കെമിട്രി വളർന്നതോടെ പ്രകൃതിദത്ത ഔഷധങ്ങളുടെ തന്നെ തന്മാത്ര ഘടന മാറ്റിമറിച്ചും, പുതിയവ സൃഷ്ടിച്ചും " മോളിക്കുലാർ ടാർജറ്റഡ് തെറാപ്പി" (Molecular targected therapy) യുടെ രംഗത്ത് എത്തി നിൽക്കുകയാണ് ആധുനികവൈദ്യ ശാസ്ത്രം. ഓരോ പുതിയമരുന്നും ഏറെക്കാലത്തെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷമാണ് പുറത്തുവരുന്നത്. അഞ്ചു മുതൽ പന്ത്രണ്ടുവർഷമോ അതിലധികം കാലമോ പഠനങ്ങൾക്കായി എടുക്കാറുണ്ട്. 1960കളിൽ സംഭവിച്ച താലിഡോമൈസ് ദുരിന്തത്തിനുശേഷം ഔഷധ ഗവേഷണരംഗത്ത് ക്ലിനിക്കൽട്രയൽസ് കർശനമാക്കി. 1953 ൽ ജർമ്മനിയിലെ കെമി ഗ്രുണെന്താൽ (Chemie Grunenthal) എന്ന മരുന്നു കമ്പനി നിർമ്മിച്ച

മോണിംഗ് സിക്ക്നെസ്സിനുള്ള ഔഷധമായിരുന്നു ' കോൺടെർഗാൻ' എന്നപേരിൽ മാർക്കറ്റ് ചെയ്യപ്പെട്ടതും ദുരന്തത്തിനിടയാക്കിയതും. പാർശ്വഫലങ്ങളെ തുടർന്ന് 1961ൽ ഈ മരുന്ന് പിൻവലിക്കപ്പെട്ടു. ഇന്ന് എല്ലാമരുന്നുകളും പരീക്ഷണശാലകളിലെ പഠനങ്ങൾക്കുശേഷം മൃഗങ്ങളിലും ഗവേഷണപഠനങ്ങൾ നടത്തുന്നു. അതിനുശേഷം മനുഷ്യരിൽ പരീക്ഷിക്കുന്നു. യാതൊരുവിധ കുഴപ്പവുമില്ലെന്നു കണ്ടെത്തിയശേഷമാണ് ഔഷധങ്ങൾ മാർക്കറ്റു ചെയ്യപ്പെടുന്നത്. ക്ലിനിക്കൽ ട്രയലിനുതന്നെ പലഘട്ടങ്ങളുണ്ട്.

വികസിത രാജ്യങ്ങളിൽ വിദ്യാഭ്യാസവും വിവേകമുള്ള ആൾക്കാരാണ് ക്ലിനിക്കൽ ട്രയലുകൾക്ക് വിധേയരാകുക. ക്ലിനിക്കൽ ട്രയൽ ഫേസ് 3, ഫേസ് 4 എന്നിവ തീരെ അപകടമില്ലാത്തവയാണ്. മാത്രമല്ല രോഗികൾക്കും വരും തലമുറയ്ക്കും ഒരുപാടുഗുണങ്ങൾ സമ്മാനിക്കുന്ന ഒന്നുകൂടിയാണ് ക്ലിനിക്കൽട്രയലുകൾ ആധുനിക വൈദ്യശാസ്ത്രത്തിലെ മരുന്നുപരീക്ഷണങ്ങളല്ല, വ്യാജചികിത്സകരും കപടചികിത്സകരും നൽകുന്ന ഔഷധങ്ങൾ ഉപയോഗിക്കുന്ന രോഗികളാണ് യഥാർത്ഥ ഗിനിപ്പന്നികൾ. ഒരു പുതിയ മരുന്ന് വിപണിയിലെത്താൻ അഞ്ചു മുതൽ പത്തു വർഷങ്ങൾ വരെയെടുക്കുമെന്നു പറഞ്ഞുവല്ലോ. ആധുനികവൈദ്യശാസ്ത്രത്തിലെ ഈ മരുന്നുകൾ ആദ്യം മൃഗങ്ങളിൽ പരീക്ഷിക്കും. ഈ പരീക്ഷണത്തിൽ ഫലപ്രദമെന്നുകണ്ടെത്തിയാൽ മാത്രമേ മനുഷ്യരിൽ പരീക്ഷിക്കൂ. മനുഷ്യരിൽ പരീക്ഷിക്കുവാൻ FDA (ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രഷൻ) യുടെ അംഗീകാരംവേണം. FDA ലോകരാജ്യങ്ങൾ അംഗീകരിച്ച സംഘടനയാണ്. FDA അംഗീകരിച്ച മരുന്ന് ആഗോള തലത്തിൽ ഏതു രാജ്യത്തെ ഡോക്ടർമാർക്കും സധൈര്യം രോഗികൾക്കു നൽകുവാൻ കഴിയും. അത്രകർശന നിയമങ്ങൾ പാലിച്ചാണ് FDA ഔഷധങ്ങൾ അംഗീകരിക്കുന്നത്. ആയുർവ്വേദ, ഹോമിയോ, സിദ്ധ, യുനാനി ഔഷധങ്ങൾക്കൊന്നും FDA അംഗീകാരം നൽകിയിട്ടില്ല.

**ഫേസ്-സീറോ** മൃഗങ്ങളിലെ പരീക്ഷണത്തിൽ ഫലപ്രദമെന്നു കണ്ടെത്തിയാൽ പത്തോ പതിനഞ്ചോ മനുഷ്യരിൽ വളരെ ചെറിയ അളവിൽ ആ മരുന്ന് പരീക്ഷിക്കുന്നു. മൃഗങ്ങളിൽകണ്ട ഫലപ്രാപ്തി മനുഷ്യരിൽ കാണുന്നുണ്ടോ എന്ന് നോക്കുകയാണ് ഫേസ് സീറോയുടെ ലക്ഷ്യം. (ഇതിനുമുമ്പ് വർഷങ്ങൾ നീണ്ട ലാബ്രട്ടറി പരീക്ഷണങ്ങൾ നടക്കുന്നുണ്ട് എന്ന് മറക്കരുത്.)

**ഫേസ്-1** 20 മുതൽ 80 വരെ മനുഷ്യരിൽ ഈ മരുന്ന് പരീക്ഷിച്ചു നോക്കുന്നു. വളരെ ചെറിയ അളവിൽ ഈ ഔഷധം നൽകി എന്തെങ്കിലും തരത്തിലുള്ള പാർശ്വഫലങ്ങൾ ഉണ്ടോ എന്നറിയുകയാണ് ഈ ഘട്ടത്തിലെ പരീക്ഷണങ്ങളുടെ ലക്ഷ്യം.

**ഫേസ്-2** ഔഷധം ഫലപ്രദമാണ്, പാർശ്വഫലങ്ങൾ ഒന്നും മനുഷ്യരിൽ ഉളവാകുന്നില്ല എന്നുറപ്പായാൽ ഫേസ് 2 പരീക്ഷണം തുടങ്ങുന്നു. ഈ ഘട്ടത്തിൽ ഔഷധത്തിന്റെ പ്രവർത്തനക്ഷമത, പ്രവർത്തനരീതി എന്നിവ പഠനവിധേയമാക്കുന്നു. രക്തസമ്മർദ്ധത്തിനുള്ള പുതയ ഔഷധമാണെങ്കിൽ എത്രത്തോളം രക്തസമ്മർദ്ധം കുറയ്ക്കാൻ സഹായിക്കുന്നു. ഏതുരീതിയിലാണ് ഔഷധം പ്രവർത്തിക്കുന്നത് എന്നതൊക്കെ പഠിക്കുന്നു. ഈഘട്ടത്തിൽ ഔഷധത്തിന് അപകടകരമായ പാർശ്വഫലങ്ങൾ ഒന്നുമില്ലാ എന്നുറപ്പു വരുത്താനും സാധിക്കുന്നു. ഏതാണ്ട് നൂറോളം രോഗികളിലാണ് ഈ ഘട്ടത്തിൽ മരുന്നു പരീക്ഷിച്ചു നോക്കുന്നത്.

**ഫേസ്-3** ഫേസ് 2 വിജയകരമായാൽ അടുത്തഘട്ടമായ ഫേസ് 3 യിലേക്കു കടക്കുന്നു. 100 മുതൽ 3000 വരെ മനുഷ്യരിൽ നടത്തപ്പെടുന്ന പരീക്ഷണമാണിത്. ഔഷധത്തിന്റെ ഗുണമേന്മ, പാർശ്വഫലങ്ങൾ എന്നിവയൊക്കെ വളരെ വിപുലമായി പഠിക്കാൻ സാധിക്കുന്നു., കൂടുതൽ ആളുകളിൽ പരീക്ഷിക്കുന്നതിലൂടെ.

**ഫേസ്-4** യാതൊരു റിസ്ക്കുമില്ലാതെ നടത്തപ്പെടുന്ന മരുന്നു പരീക്ഷണഘട്ടമാണിത്. വിപണിയിൽ വർഷങ്ങളായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഔഷധം, കൂടുതൽ ആൾക്കാരിൽ ഉപയോഗിക്കുമ്പോൾ എന്തുസംഭവിക്കുന്നു എന്നാണിവിടെ പഠനവിധേയമാക്കപ്പെടുന്നത്. അങ്ങനെ ചെയ്യുമ്പോൾ, ഔഷധത്തിന്റെ തിരിച്ചറിയാത്ത അതുവരെ കണ്ടെത്താതിരുന്ന ഗുണമേന്മ കണ്ടെത്താനും, ഒരുപക്ഷേ മറ്റൊരു രോഗത്തിനുകൂടി ഉപയോഗിക്കാനും കഴിഞ്ഞെന്നുവരാം. അതുപേലെ ഫേസ് 3 വരെയുള്ള അടിസ്ഥാന മരുന്നു പരീക്ഷണഘട്ടങ്ങളിൽ കണ്ടെത്താതിരുന്ന പാർശ്വഫലങ്ങൾ കണ്ടെത്തപ്പെട്ടുവെന്നും വരാം. ഇങ്ങനെയാണ് വർങ്ങളായി ഉപയോഗിച്ചുവരുന്ന ചില മരുന്നുകൾ പുതിയ പാർശ്വഫലങ്ങൾ കണ്ടെത്തി നിരോധിക്കപ്പെടുന്നത്. ഇന്നു നാം ഉപയോഗിക്കുന്ന മരുന്നുകളെല്ലാം ഇത്തരത്തിൽ വിവിധ മരുന്നുപരീക്ഷണങ്ങൾ താണ്ടിയാണ് മാർക്കറ്റിലെത്തിയിട്ടുള്ളതെന്ന് മരുന്നു പരീക്ഷണങ്ങൾക്കെതിരെ വിവാദങ്ങൾ ആഘോഷിക്കുന്ന ഉത്തരാധുനീകരും, രാഷ്ട്രിയവിവരദോഷികളും, മാധ്യമങ്ങളും തരിച്ചറിയേണ്ടിയിരിക്കുന്നു.

നീർക്കെട്ടിനുപയോഗിക്കുന്ന ഇബുപ്രോഫന്റെ *(Ibuprofen)* മറ്റൊരുഗുണമാണ് വേദനകുറയ്ക്കുന്നു എന്നത്. പനിക്ക് ഉപയോഗിക്കുന്ന പാരസെറ്റാമോളിന്റെ മറ്റൊരു ഗുണമാണ് വേദന കുറയ്ക്കുന്നു എന്നത്. ഈസ്ട്രജന്റെ സാന്നിദ്ധ്യത്തിൽ വളർന്നു പെരുകുന്ന കാൻസർകോശങ്ങളെ നശിപ്പിക്കാനായി, ഈസ്ട്രജന്റെ ഉല്പാദനം തടയുക എന്നതാണ് Letrozole എന്ന മരുന്നിന്റെ ദൗത്യം. ഈ

ഔഷധം അണ്ഡോൽപ്പാദനത്തെയും അണ്ഡാൽസർജനത്തെയും സഹായിക്കുന്നു എന്നത് അതിന്റെ മറ്റൊരുഗുണം. സർപ്പഗന്ധിയിൽ (Ruwolphia Serpentina) നിന്നെടുക്കുന്ന റിസർപ്പിൻ (Reserpin) രക്തസമ്മർദ്ദത്തെ കുറയ്ക്കും. ഈ മരുന്ന് ഉദ്ധാരണശേഷിനഷ്ടപ്പെടൽ, പേടി സ്വപ്നങ്ങൾ കാണൽ, ശ്വാസതടസ്സം, മാനസിക വിഭ്രാന്തി, തലവേദന എന്നിവയ്ക്കു കാരണമാകാം എന്നതിനാലാണ് മാർക്കറ്റിൽ നിന്നും പിൻവലിക്കപ്പെട്ടത്. LOSARTAN, AMLODIPIN തുടങ്ങിയ കൂടുതൽ മെച്ചപ്പെട്ട മരുന്നുകൾ രംഗത്ത് വരികയും ചെയ്തു. ഇതൊക്കെ തിരിച്ചറിഞ്ഞത് ക്ലിനിക്കൽ ട്രയലുകൾ മുഖേനയാണ്.

രസതന്ത്രത്തിലും ജൈവരസതന്ത്രിലും ഉണ്ടായ പുത്തൻ അറിവുകളും അവയുടെ വളർച്ചയും ഔഷധ ഗവേഷണ നിർമ്മാണ മേഖലയെ അടിമുടി മാറ്റിമറിച്ചു. ആൽക്കലോയിഡുകൾ, റെസിനുകൾ തുടങ്ങി എല്ലാ ഘടകങ്ങളുടെയും രാസഘടന കണ്ടെത്താൻ കഴിഞ്ഞതോടെ അവ കൃത്രിമമായി നിർമ്മിക്കാമെന്നുവന്നു. പണ്ട് ഒരു കാൻസർ രോഗിയെ ചികിത്സിക്കാനാവശ്യമായ ടാക്സോളിന് *(Taxol)* നുറുകണക്കിന് Taxus brevifolia മരങ്ങൾ നശിപ്പിക്കേണ്ടിയിരുന്നു. എന്നാലിന്ന് ടാക്സോൾ കൃത്രിമമായി നിർമ്മിക്കാൻ കഴിയുന്നു. ഇന്ന് ആസ്പിരിൻ നിർമ്മാണത്തിന് Salix alba (willow) ചെടിവേണ്ട. പണ്ട് 5 മില്ലിഗ്രാം Somato statin Hormone നിർമ്മിക്കാൻ 5 ലക്ഷം ആടുകളുടെ തലവേണമായിരുന്നു. എന്നാൽ ജനറ്റിക് എഞ്ചിനീയറിംഗിന്റെ സഹായത്താൽ, ഇതു ബാക്ടിരിയയിൽ ക്ലോൺചെയ്തു നിർമ്മിക്കാൻ 5 മില്ലിഗ്രാമിന് 30 രൂപ മാത്രമാണുചെലവ്. E.coli ബാക്ടിരിയയുടെ പ്ലാസ്മിഡിൽ മനുഷ്യഇൻസുലിൻ ജീൻകൂട്ടി ചേർത്ത് ജനിതക എഞ്ചിനീയറിംഗിന്റെ സഹായത്തോടെ നാമിന്ന് ഏറ്റവും മെച്ചപ്പെട്ട Human insulin നിർമ്മിക്കുന്നു. വളർച്ചാ വൈകല്യങ്ങൾക്കുള്ള Human Growth Hormone, കാൻസർ ചികിത്സക്കുള്ള Alpha and Gama interferon എയ്ഡ്സിനേക്കാൾ ഭീകരനായ ഹെപ്പാറ്റൈറ്റിസ്ബി വൈറസുമൂലമുള്ള മഞ്ഞപ്പിത്തം തടയുവാനുള്ള HB വാക്സിൻ, കാൻസർ ചികിത്സയ്ക്കുള്ള inter Leukin -2 ഹീമോഫീലിയയ്ക്കുള്ള Factor VIII & IX, രക്തകട്ടകൾ അലിയിപ്പിക്കാനുള്ള Tissue Plasminogen activator എന്നിങ്ങനെ നിരവധി ഔഷധങ്ങൾ ജനിതക എഞ്ചിനീയറിംഗ് വഴി ഉല്പാദിപ്പിക്കുകയാണ്. പണ്ട് റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടം മെൻഡലിന്റെ ജനിതക ശാസ്ത്രത്തെ തള്ളിക്കളഞ്ഞ് കപടശാസ്ത്രമായ ലൈസൻ കോയിസത്തെ പിന്തുണച്ചു. കേരളത്തിൽ പുരോഗമന പ്രസ്ഥാനക്കാരും രാഷ്ടീയക്കാരും ഭരണകർത്താക്കളുമെല്ലാം ജനിതക വിളകളെ എതിർക്കുന്നു. ശാസ്ത്രവിരുദ്ധത ഒന്നുമാത്രമാണ് ഇവരെ ജനിതകവിളകളെയും ആണവോർജ്ജത്തെയുംമൊക്കെ എതിർക്കാൻ പ്രേരിപ്പിക്കുന്നത്.

# ആയുർവ്വേദം - ഒററമൂലി

ലോകത്താകെ 249 ഓളം രാജ്യങ്ങൾ. മിക്ക രാജ്യങ്ങളിലും അവരുടേതായ പ്രാകൃത ചികിൽത്സാരീതികളും ഉണ്ടായിരുന്നു. ജ്ഞാനോദയ കാലഘട്ടത്തിൽ ശാസ്ത്രം വളരാനും പുഷ്ടിപ്പെടാനും ആരംഭിച്ചതോടെ ഇവ ക്രമേണ ആധുനിക വൈദ്യശാസ്ത്രത്തിന് വഴിമാറാൻ തുടങ്ങി. ആധുനിക വൈദ്യം (Modern Medicine or Medical Science) വളർച്ച പ്രാപിച്ച ഈ നൂററാണ്ടിൽപ്പോലും ഏതാണ്ട് നൂററി നാപ്പതോളം പ്രാകൃതചികിൽത്സാരീതികൾ ലോകത്താകെ നിലനിൽക്കുന്നുണ്ട്. ആയുർവ്വേദം, ഹോമിയോപ്പതി, പ്രകൃതിചികിത്സ, ജലചികിത്സ, പുഷ്പചികിത്സ, ആരോമതെറാപ്പി, കാന്തചികിത്സ, യോഗ, ഹെർബൽമെഡിസിൻ, പ്രവാചകവൈദ്യം, ചിറോപ്പതി, അക്യുപങ്ചർ, സിദ്ധവൈദ്യം, യുനാനി, പ്രാണിക് ഹീലിംഗ്. എന്നിങ്ങനെ പോകുന്നു സമാന്തരചികിൽസകൾ എന്നറിയപ്പെടുന്ന ഇത്തരം പ്രാകൃത ചികിൽത്സകൾ. ഇരുപതാംനുററാണ്ടോടുകുടി മിക്കരാജ്യങ്ങളിലും മെഡിക്കൽ സ്ക്കൂളു (Medical college) കളിൽ ഔദ്യോഗികമായി പരിശീലിപ്പിക്കപ്പെട്ടത് ആധുനിക വൈദ്യശാസ്ത്രമായിമാറി. ആധുനിക വൈദ്യശാസ്ത്രമെന്നത് അടിസ്ഥാന ശാസ്ത്രങ്ങളായ ഫിസിക്സ്, കെമസ്ട്രി, ബയോളജി എന്നിവയുടെ സംഘാതമായതിൽ അത് തികച്ചും ശാസ്ത്രംതന്നയാണ് എന്നതു കൊണ്ടാണ് ശാസ്ത്രബോധമുള്ള ഭരണ കൂടങ്ങൾ ഇത്തരമൊരു സമീപനം സ്വീകരിച്ചത്. ആധുനികവൈദ്യം മാത്രം ഔദ്യോഗികമായി പരിശീലിപ്പിക്കപ്പെടുകയും മററുള്ളവയെ മാററിനിർത്തുകയും ചെയ്യപ്പെട്ടപ്പോൾ മററു പ്രാകൃത ചികിൽസകളൊക്കെ ബ്രിട്ടനിലും യൂറോപ്പിൻ രാജ്യങ്ങളിലും പൂരകവൈദ്യം (Complementary Medicine) എന്നപേരിലും, അമേരിക്കയിൽ ഇത്തരം ചികിൽത്സാരീതികൾ ബദൽവൈദ്യം (Alternative Medicine) എന്ന പേരിലും അറിയപ്പെടാൻ തുടങ്ങി. ഗ്രീക്ക്വൈദ്യം, അലോപ്പതി തുടങ്ങിയ പ്രാകൃത ചികിൽത്സകൾ ആധുനിക വൈദ്യശാസ്ത്രവളർച്ചയിൽ അപ്രത്യക്ഷമായെങ്കിലും ഇൻഡ്യൻ വൈദ്യമായ ആയുർവ്വേദം (അയുസ്സിന്റെ വേദം) മതത്തിന്റെ ഭാഗമായതിനാൽ ഇന്നും സജീവമായി നിലനിൽക്കുന്നു. ചൈനീസ് വൈദ്യം ചൈനയിലെ കമ്മ്യൂണിസത്തിന്റെ പിൻബലത്താലും.

ആയുർവ്വേദം ബ്രഹ്മാവിന്റെ സൃഷ്ടിയാണ്. ജഗത്തിന്റെ സ്ഥിതിഅറിയാൻ ബ്രഹ്മാവ് നാലുവശത്തേക്കും നോക്കിയപ്പോൾ നാലു

വ്വേദങ്ങൾ ഉണ്ടായി എന്നാണല്ലോ പറയുന്നത് ഋക്, ഋജൂർ, സാമം, അഥർവ്വം. ഇതിൽ അഥർവ്വവേദത്തിന്റെ ഉപാംഗമാണ് ആയുർവ്വേദം. ആയുർവ്വേദത്തിന് എട്ടംഗങ്ങളാണുള്ളത് കായ ചികിത്സ, ബാല ചികിത്സ, വിഷചികിത്സ, വാജീകരണചികിത്സ, ഊർദ്ധ്യാംഗചികിത്സ, ശല്യചികിത്സ, ഗൃഹചികിത്സ. കായചികിത്സയിൽ (Medicine) സ്പെഷ്യലിസ്റ്റുകളാണ് ഭരദ്വാജനും ആത്രേയനും. ശല്യചികിത്സ (Surgery) യിൽ ധന്വന്തരിയും, ബാലചികിത്സയിൽ (Pediatrics) കാശ്യപനും സ്പെഷ്യലിസ്റ്റുകളാണ്.

ക്ഷയം, കുഷ്ഠം, വയറിളക്ക രോഗങ്ങൾ തുടങ്ങി നിരവധി രോഗപീഢയാൽ പ്രാകൃതമനുഷ്യനും ആധുനിക മനുഷ്യനുമൊക്കെ വലഞ്ഞിരുന്നു. ഋഷിമാരും രോഗപീഢകളിൽനിന്നും വിമുക്ത രായിരുന്നില്ല. ആരോഗ്യം നിലനിൽക്കണമെങ്കിൽ രോഗങ്ങളിൽനിന്നും മോചനം വേണം. അതിനുള്ള ഉപായങ്ങൾ ഋഷിമാർ കൂടിയാലോചിച്ചു. രോഗമോചന മാർഗ്ഗത്തിനായി ജരാനര മരണരഹിതനായ ദേവേ ന്ദ്രനെ സമീപിക്കാൻ ഭരദ്വജമുനിയെ ഋഷിമാർ നിയോഗിച്ചു. ബ്രഹ്മാവിൽ നിന്നും ദക്ഷപ്രജാപതിയും, ദക്ഷപ്രജാപതിയിൽ നിന്ന് അശ്വനി ദേവൻമാരും, അവരിൽ നിന്നും ഇന്ദ്രനും ആയുർവ്വേദം പഠിച്ചിരുന്നു. ദേവലോകത്തെത്തിയ ഭരദ്വജമുനി ഇന്ദ്രനെ കാര്യം ധരിപ്പിച്ചു. ഇന്ദ്രൻ ഭരദ്വജമുനിയെ ആയുർവ്വേദം പഠിപ്പിച്ചു. ഭൂമിയിൽ തിരിച്ചെത്തിയ ഭരദ്വജമുനി അഗ്നിവേശൻ, ആത്രേയൻ, ചരകൻ, ധന്വന്തരി, സുശ്രുതൻ, വാഗ്ഭടൻ തുടങ്ങിയമുനിമാരെ ആയുർവ്വേദം പഠിപ്പിച്ചു. ഭരദ്വജമുനിയിൽ ആയുർവ്വേദം അഭ്യസിച്ച ചരകൻ മനുഷ്യശരീരത്തിൽ 360 എല്ലുകൾ ഉണ്ടെന്നുപറയുമ്പോൾ, സുശ്രുതൻ 300 എല്ലുകളാണുള്ളതെന്ന് പറയുന്നു.(ആധുനിക വൈദ്യശാസ്ത്രം അനാട്ടമി പറയുന്നതാകട്ടെ 200 എല്ലുകൾ എന്നും.)

മനുഷ്യശരിരത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഘടന യെക്കുറിച്ചും ഒന്നും അറിഞ്ഞുകുടാതിരുന്ന കാലത്താണ് പ്രാകൃതചികിൽസാരീതികൾ ഉരുത്തിരിഞ്ഞത് എന്നതിനാൽ അവയുടെ രോഗകാരണ സിദ്ധാന്ത (Etiology)വും അപരിഷ്കൃതവും യാതൊരു ശാസ്ത്രിയാടിത്തറയില്ലാത്തതും ആയിരുന്നു. ആയുർവ്വേദം പറയുന്നത് എല്ലാരോഗങ്ങൾക്കും കാരണം വാത പിത്ത കഫങ്ങൾ (ത്രിദോഷസിദ്ധാന്തം) ആണെന്നാണ്. വാഗ്ഭടൻ നാലാമത്തെ ദോഷമായി രക്തദോഷം കൂടിചേർത്തുവെങ്കിലും, ആയുർവ്വേദത്തിന്റെ മൗലികാടിത്തറ ഈ ത്രിദോഷസിദ്ധാന്തം തന്നെയാണ്. (വായു, പിത്തം, കഫശ്ചേതിത്രയോദോഷം വാഗ്ഭടൻ) വാതത്തിന്റെ സ്ഥാനം പക്വാശയവും, പിത്തത്തിന്റെ സ്ഥാനം പക്വാശയമദ്ധ്യസ്ഥാനവും, കഫത്തിന്റെ സ്ഥാനം ഉരസ്സിലുമായാണ് കല്പ്പിച്ചിരിക്കുന്നത്. ഏതാണ്ട് ഇതിനുസമാനമാണ് ഗ്രീക്ക് വൈദ്യത്തിന്റെ രോഗകാരണസിദ്ധാന്തവും.

രക്തം (Sanguine) കഫം (Phlegm) മഞ്ഞപ്പിത്തം (Yellow bile) കറുത്തപിത്തം (Black bile) എന്നി നാലുദോഷങ്ങളാണ് എല്ലാരോഗങ്ങൾക്കും കാരണമെന്ന് ഗ്രീക്ക് വൈദ്യംപറയുന്നു. ഹോമിയോപ്പതിയാകട്ടെ സോറ (Psora) സിഫിലിസ് (Syphilis) സൈക്കസിസ് (Cycosis) എന്നിമൂന്നു മയാസങ്ങളാണ് എല്ലാ രോഗങ്ങളുടെയും കാരണമെന്നു സിദ്ധാന്തിക്കുന്നു. ഭൂതപ്രേത പിശാചുക്കളാണ് രോഗകാരണമെന്നു പൗരോഹിത്യം പഠിപ്പിച്ചിരുന്ന കാലത്താണ് അതിനുസമാനങ്ങളായ ഈ സിദ്ധാന്തങ്ങളും രൂപപെട്ടത്. കഫം ശരീര ഭാഗങ്ങളെ പുനഃസൃഷ്ടിക്കുന്നു, പിത്തം ശരീര താപനിലയെ നിലനിർത്തുന്നു എന്നൊക്കെ പറഞ്ഞാൽ യുക്തി ബോധമുള്ള ആരെങ്കിലും ഇന്നുവിശ്വസിക്കുമോ? ആയുർവ്വേദത്തെ എതിർക്കുന്നത് അമ്മയുടെ മുലപ്പാലിന്റെ ഉപ്പുനോക്കുന്നവരാണെന്ന ചിലരുടെ വിമർശനത്തെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയാം.

ആയുർവ്വേദത്തിലെ ഔഷധങ്ങളൊന്നും തന്നെ ക്ലിനിക്കൽ ട്രയലുകൾനടത്തി ഫലപ്രാപ്തി തെളിയിച്ചവയല്ല. ആയുർവ്വേദ ഔഷധങ്ങൾ ഇന്നും നിർമ്മിക്കപ്പെടുന്നത് സഹസ്രയോഗത്തിലും, ശാർങ്ഗധരസംഹിതയിലും, അഷ്ടാംഗഹൃദയത്തിലുമൊക്കെ പറയുന്നതനുസരിച്ചാണ്. സസ്യങ്ങളിൽ ഔഷധഘടകങ്ങളില്ലേ എന്ന മറുചോദ്യം ആർഷപാരമ്പര്യവാദികളിൽ നിന്നും യുക്തിവാദികളിൽ നിന്നും പ്രതീക്ഷിക്കാം. ഉണ്ട്, സസ്യങ്ങളിലടങ്ങിയിരിക്കുന്ന ആൽ ക്കലോയിഡുകൾ, കറകൾ, കൊഴുപ്പുകൾ, ടാനിനുകൾ, റെസിനുകൾ, ഗ്ലൈക്കോസൈഡുകൾ തുടങ്ങിയ വയൊക്കെ വേർതരിച്ചെടുത്ത് നാം ഔഷധങ്ങളായി ഉപയോഗിക്കാറുണ്ട്. ഏതാണ്ട് 6000 ഓളം ആൽക്കലോയിഡുകൾ ഇന്നു കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും കടുത്തവിഷങ്ങളാണ്. പലതും ക്യാൻസറിന് കാരണമാകുന്നവയും, ക്യാൻസർ ഉണ്ടാക്കുന്നവയുമാണ് വളരെക്കുറച്ച് ആൽക്കലോയിഡുകൾ മാത്രമാണ് ആധുനിക വൈദ്യശാസ്ത്രം ഔഷധങ്ങളായി ഉപയോഗപ്പെടുത്തിവരുന്നത്. ഹെർബൽമെഡിസിൻ നിരുപദ്രവ കരമാണെന്നത് തികഞ്ഞ ഒരന്ധവിശ്വാസം മാത്രമാണ്. ലോകം കണ്ടതിൽ വച്ചേററവും മാരകമായ വിഷമാണ് CURARE എന്ന സസ്യസത്ത്. അടയ്ക്കയിലടങ്ങിയിട്ടുള്ള അരിക്കോളിൻ, അരിക്കാഡിൻ എന്നീ ആൽക്കലോയിഡുകൾ ക്യാൻസർ ഉണ്ടാക്കുമ്പോൾ, നിക്കോ ട്ടിൻ എന്ന പുകയിലയിലെ ആൽക്കലോയിഡ് രക്തംകട്ടപിടിക്കാൻ സഹായിക്കുന്നതാണ്. കാഞ്ഞിരക്കുരു വിലടങ്ങിയിരിക്കുന്ന സിട്രിച്ചിനിൽ എന്ന ആൽക്കലോയിഡും മാരകമായവിഷമാണെന്നു പറയേണ്ടതില്ലല്ലോ. ഒതളങ്ങ, കുന്നിക്കുരു എന്നിങ്ങനെ എത്ര എത്ര മരണകാരികൾ വേറെ. അക്കേഷ്യയുടെ

മാത്രമല്ല പല സസ്യങ്ങളുടെയും പൂമ്പൊടികൾ അലർജിക്കു കാരണമാകാറുണ്ട്. പലസസ്യങ്ങളിലും അടങ്ങിയിരിക്കുന്ന പല ഘടകങ്ങളും കരളിനെ വിനാശത്തിലേയ്ക്ക് നയിക്കാറുണ്ട്. നമ്മുടെ വേലിചീരപോലും കരളിനു വിനാശകാരിയാണ്. 1953 ൽ സ്വിസ് ശാസ്ത്രകാരന്മാരാണ് സർപ്പഗന്ധിയിൽ നിന്നും റിസർപ്പിൻ വേർതിരിച്ചെടുത്തത്. രക്തസമ്മർദ്ദത്തിനുള്ള ആദ്യത്തെ ഔഷധം ഇതായിരുന്നു. എന്നാൽപാർശ്വഫലങ്ങൾ മുലം 1960 ആയപ്പോഴേക്കും ഈ ഔഷധം രക്തസമ്മർദ്ദചികിൽസയിൽ നിന്നും പുറത്തായി എന്ന സത്യം കപട ചികിൽത്സാഭക്തൻമാർ അറിയണം. ആയുർവ്വേദത്തിന്റെ മാഹാത്മ്യം പാടി പുകഴ്ത്തുന്നവർ ഒരുകാര്യം തിരിച്ചറിയണം. ബാക്ടിരിയ രോഗങ്ങളായ കുഷ്ടം, ക്ഷയം, എലിപ്പനി തുടങ്ങിയവയെ സുഖപ്പെടുത്തുവാൻ എന്തുകൊണ്ട് ആയുർ വ്വേദത്തിനു കഴിഞ്ഞില്ല. ആയുർവ്വേദം ഫലപ്രദമായിരുന്നെങ്കിൽ കുഷ്ടം, ക്ഷയം, പ്ലേഗ്, എലിപ്പനി എന്നിവമൂലമുള്ള മരണങ്ങൾ പാടില്ലായിരുന്നല്ലോ? വസൂരി ഉന്മൂലനം ചെയ്യാൻ വേരിയോള വാക്സി നേഷൻ വേണ്ടിവന്നില്ലേ? പേവിഷബാധയിൽ നിന്നും, പിള്ളവാതത്തിൽനിന്നും വിമുക്തി വേണമെങ്കിൽ വാക്സിനേഷനല്ലാതെ എന്താണു പ്രതിവിധി?

ആയുർവ്വേദത്തിലെ കഷായങ്ങൾ, ഘൃതങ്ങൾ, ലേഹ്യങ്ങൾ, അരിഷ്ടങ്ങൾ, ആസവങ്ങൾ, കുഴമ്പുകൾ, എണ്ണകൾ എന്നിവയൊന്നും തന്നെ ക്ലിനിക്കൽ ട്രയലുകളിലൂടെ ഫലപ്രാപ്തി തെളിയിക്കപ്പെട്ടവയല്ല. തൊലിപുറമെ പുരട്ടുന്ന എണ്ണകളും, കുഴമ്പുകളുമൊന്നും ശരീരത്തിനുള്ളിലേക്കു കടന്നുചെല്ലുകയില്ല. ത്വക്കിലെ എപ്പിഡെർമിസിനും ഡെർമിസിനും ഇടയിലും, ഡെർമിസിനുതാഴെയുമൊക്കെയുള്ള കൊഴുപ്പുപാളികൾ എണ്ണ, വെള്ളം എന്നിവയെ ഉള്ളിലേക്കു കടത്തി വിടുകയില്ല. ബാക്ടിരിയ, വൈറസ് തുടങ്ങിയ രോഗകാരികളെയും മററ് അന്യവസ്തുക്കളെയും ശരീരത്തിനുള്ളിൽ പ്രവേശിക്കുന്നതിൽ നിന്നും തടയുക അഥവാ എല്ലാത്തര അന്യവസതുക്കളിൽനിന്നും ശരീരത്തെ പെതിഞ്ഞു രക്ഷിക്കുക എന്നതാണ് ത്വക്കിന്റെ ധർമ്മംതന്നെ. ഘൃതങ്ങളിലും ലേഹ്യങ്ങളിലുമെക്കെ അടങ്ങിയിരിക്കുന്ന ഘനലോഹ (Heavy metals) അംശങ്ങൾ വൃക്കയുടെ നാശത്തിനു വഴിവയ്ക്കുന്നു. തങ്കഭസ്മം കഴിച്ചതുമൂലം വൃക്കകൾ രണ്ടും നശിച്ചാണ് എം. ജി. രാമചന്ദ്രൻ മരിച്ചത്. മുൻ പ്രസിഡന്റ് കെ.ആർ.നാരയണൻ കാൽമുട്ടിലെ നീർവിക്കത്തിനും വേദനയ്ക്കുമായി സിദ്ധചികിത്സ നടത്തി ഹെവി മെററലുകൾ വൃക്കകളെ നശിപ്പിച്ചതുമൂലമാണ് മരിച്ചത്. നാം കഴിക്കുന്ന ഔഷധങ്ങൾ വായിലും കുടലിലുമൊക്കെവച്ച് ആഗീരണം ചെയ്യപ്പെട്ട് രക്തത്തിലുടെ കരളിലെത്തി ഉപാപചയത്തിന് (Drug metabolism) വിധേയമായി ഏതവയവത്തിലെത്തിയാണോ പ്രവർത്തിക്കേണ്ടത് ആവിധത്തിൽ രുപകൽപ്പന ചെയ്യപ്പെട്ടവയാണ്. ബാക്ടിരിയകളെ

നശിപ്പിക്കേണ്ടവ (Bactericidal), ബാക്ടീരിയയുടെ കോശത്തിലെ സ്വീകരണി (Receptors)യിലൂടെ ബാക്ടീരിയ കോശത്തിനകത്തു പ്രവേശിക്കാൻ പറ്റുന്നരിതിയിൽ രൂപകൽപ്പന ചെയ്യപ്പെട്ടവയാണ്. മനുഷ്യശരീരത്തിലെ കോശത്തിൽ കടന്നുചെല്ലേണ്ട ഔഷധം, മനുഷ്യ ശരീര കോശത്തിലെ സ്വീകരണികൾ (Receptors) സ്വികരിക്കുന്ന രീതിയിൽ രുപകൽപ്പന ചെയ്യപ്പെട്ടതായിരിക്കണം. H5N1, H1N1 എന്നിവയ്ക്കുനൽകുന്ന Oseltamir phosphate കുടലിൽവച്ച് ആഗീരണം ചെയ്യപ്പെട്ട് കരളിലെത്തി, ഡ്രക്ഷ്മെറ്റ ബോളിസത്തിനു വിധേയമായി ഒസൽട്ടാമിറിന്റെ കാർബോക്സിലേറ്റ് രുപമായി മാറുമ്പോൾ മാത്രമാണ് ആ ഔഷധത്തിന് ഇൻഫ്ല്യുവൻസ വൈറസിനെതിരെ പ്രവർത്തിക്കാനാവുകയുള്ളു. ഒരായൂർവ്വേദമരുന്നും ഇത്തരത്തിൽ രുപകൽപ്പന ചെയ്യപ്പെട്ടതോ, ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുള്ളതോ അല്ല. ബാക്ടീരിയകൾ, ഫംഗസുകൾ, പ്രോട്ടോസോവകൾ, വൈറസുകൾ എന്നിവയെ കൊന്നുനശിപ്പിക്കുന്നതോ, ഇവയുടെ വളർച്ചതടയുന്നതോ ആയ ഒരുമരുന്നും ആയുർവ്വേദത്തിൽ ഉള്ളതായി അറിയില്ല.

ഒററമൂലിചികിത്സയും ആയുർവ്വേദത്തിന്റെ ഭാഗംതന്നെയാണ്. കൊളസ്ട്രോൾ കുറയ്ക്കാനുള്ള ഒററമൂലിയാണ് കാന്താരിമുളക് വിനാഗിരിയിൽ ഇട്ടുവച്ചിട്ട് അതെടുത്ത്കഴിക്കുക എന്നത്. HDL (High Density Lipoproteins) കൊളസ്ട്രോളിലും, LDL (Low Density Lipoproteins) കൊളസ്ട്രോളിലും കാന്താരിമുളകിന് എന്തു പ്രവർത്തനമാണ് നടത്താനുള്ളതെന്ന് ഒററമൂലിക്കാർ ഒന്നു പറഞ്ഞു തരണം. കൊളസ്ട്രോൾ കുറയ്ക്കാൻ ഇരുമ്പൻപുളി ജൂസ് ഉപയോഗിച്ചാൽ ഫലം വൃക്കസ്തംഭനമാണ്. ഇരുമ്പൻപുളിയിൽ അടങ്ങിയിരിക്കുന്ന ഓക്സാലിക് അമ്ലമാണ് വൃക്കസ്തംഭനത്തിനു കാരണമാകുന്നതെന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വൃക്കരോഗവിഭാഗം മേധാവി പ്രെഫസർ ജേക്കബ്ബ് ജോർജ്, സിനിയർ റസിഡെന്റ് ഡോക്ടർ ശ്രീജ എസ് നായർ എന്നിവർ നടത്തിയ പഠനം വ്യക്തമാക്കുന്നു. 100ml ഇരുമ്പൻ പുളിനീരുകുടിക്കുന്നവരിൽ പോലും വൃക്കരോഗബാധ കണ്ടെത്തിയിട്ടുണ്ട്. പ്രമേഹം ചെറുക്കാൻ പാവയ്ക്കയുടെയും, ചുരയ്ക്കയുടെയും നീരുകഴിച്ച CSIR ലെ ഡപ്യൂട്ടി സെക്രട്ടറി സുശീൽകുമാർ മരിച്ചു. ഭാര്യ നീരജ ആശുപത്രയിലുമായി. 250ml പാവയ്ക്ക, ചുരയ്ക്കനീരാണ് ഒററയടിക്കദ്ദേഹം അകത്താക്കിയത്. ചുരയ്ക്കയിലടങ്ങിയിട്ടുള്ള കുകുർബീററാസിന്നാണ് മരണകാരണമായത്. ഇതുതന്നെയാണ് മഞ്ഞപ്പിത്ത ചികിൽത്സയ്ക്കു ഉപയോഗിക്കുന്ന ഒററമൂലികളായ കീഴാർനെല്ലി, പൂവാംകുറുന്തിയില എന്നിവയുടെകഥയും. ഇവയ്ക്കൊന്നും ഒരുവൈറസിനെയും നശിപ്പിക്കാൻ കഴിയില്ല. കഴിയുമായിരുന്നെങ്കിൽ ടി.എം.ജേക്കബ്ബും, പ്രെഫസർ. ജി. കുമാരപിള്ളയും, ഡോക്ടർ കാലടി നമ്പൂതിരിയും,

ബി.കെ.ശേഖറും, പൗലോസ് മാർ പക്കോമിയോസും, പവിത്രനും, മാർക്കോസ് മാർക്കൂറിലോസും, രാജൻ പി. ദേവും, എം.ജി.സോമനും, ജി. കാർത്തികേയനുമൊന്നും മരിക്കില്ലായിരുന്നു. ഒരൊറ്റമൂലിയും ഒരു രോഗവും സുഖപ്പെടുത്തുന്നതായി തെളിവില്ല. ഗുണത്തേക്കാളേറെ ദോഷങ്ങളാണ് ഹെർബൽ മെഡിസിൻ ചെയ്യുക. കരളും വൃക്കയുമൊക്കെ നശിപ്പിക്കാൻ മാത്രമാണിവ ഉതകുക.

സർവ്വസാധാരണമായി കുട്ടികളിൽ കാണുന്ന രോഗബാധയാണ് തൊണ്ട വേദനയും ടോൺസിലൈററിസുമൊക്കെ. നമ്മുടെ വായിലും തൊണ്ടയിലുമെക്കെ കാണപ്പെടുന്ന ബാക്ടിരിയകളാണ് സെ്ട്രപ്റേറാകോക്കെ, സ്റ്റാഫൈലോകോക്കെ എന്നിവ. സാധാരണനിലയിൽ  ഇവ വലിയകുഴപ്പക്കാരല്ല, എന്നാൽ ശരീരത്തിന്റെ പ്രതിരോധ ശക്തിക്ക്  ഊനം തട്ടുമ്പോൾ ഫാരിഞ്ചൈററിസ് (തൊണ്ടയിലെ മ്യൂക്കസ് മെമ്പ്രയിൽ നശിക്കുക) ടോൺസിൽവിക്കം എന്നിവയുണ്ടാകുന്നു. ആന്റിബയോട്ടിക്കുകൾ നൽകിയുള്ള ചികിത്സയാണ് ഉത്തമം. പകരം ഉപ്പും വെളുത്തുള്ളിയുംകൂടി അരച്ച്വയ്ക്കുക തുടങ്ങിയ ഒററമുലികൾ ചെയ്യുമ്പോൾ ബക്ടിരിയ രക്തത്തിലേയ്ക്കു കടക്കാൻ ഇടയാകുന്നു.  രക്തത്തിലേയ്ക്കുകടക്കുന്ന ബക്ടിരിയ പിന്നിട് റുമാറ്റിക് ഫിവറിനും, ഹൃദയവാൽവിന് തകരാറുണ്ടാകുന്നതിനുമൊക്കെ കാരണമാകുന്നു. നമ്മുടെ സമൂഹത്തിൽ റുമാറ്റിക് ഫിവറും (സന്ധിവാതം  വാതപ്പനി) ഹൃദയവാൽവ് തകരാറുകളും വർദ്ധിക്കാൻ കാരണം ഇത്തരം ഒററമൂലിചികിത്സകളാണ്. ശാസ്ത്ര ബോധമില്ലായ്മയാണ് ഒററമൂലിചികിത്സകൾപോലുള്ള പ്രാകൃതരീതികൾ പ്രചുര പ്രചാരം നേടാനും ഇന്നും നിലനിൽക്കാനും കാരണമാകുന്നത്.

# ഹോമിയോപ്പതി

1755 ഏപ്രൽ 10 ന് ജർമ്മനിയിലെ സാക്സണിൽ ജനിച്ച് 1843 ജൂലൈ 2ന് മരിച്ച സാമുവൽ ഹാനിമാനാണ് ഹോമിയോപ്പതി എന്ന അശാസ്ത്രീയ ചികിത്സാ രീതിക്കു തുടക്കം കുറിച്ചത്. അന്നത്തെ പ്രാകൃതചികിത്സാ സമ്പ്രദായമായിരുന്ന അലോപ്പതിയിൽ എം.ഡി ബിരുദധാരിയായിരുന്നു ഹാനിമാൻ. ശരീരാന്തർഗമമായ ദോഷങ്ങളെ പുറത്തുകളയുക എന്നതത്വമനുസരിച്ചായിരുന്നു അന്നത്തെ അലോപ്പതി ചികിത്സ. രണ്ടും, മൂന്നും ഇടങ്ങഴി കഷായം കുടിപ്പിക്കുക, വയറിളക്കുക, രക്തം ചോർത്തികളയുക, അട്ടകടിപ്പിക്കുക, പാഷാണങ്ങൾ (ആഴ്സണിക്) നൽകുക എന്നിവയായിരുന്നു അന്നത്തെ ചികിൽസാരീതികൾ. 16, 17 നുററാണ്ടുകളിലൊക്കെ ഈ ചികിൽസാരീതികളായിരുന്നു നിലനിന്നിരുന്നത്. ചാൾസ് രണ്ടാമന് പക്ഷാഘാതമുണ്ടായപ്പോൾ ശരീരം തളർന്ന് അബോധാവസ്ഥയിലായി. കൊട്ടാരം ഡോക്ടറായ ഡോ. കിങ്ങും സഹായികളായ പതിനൊന്ന് ഡോക്ടർമാരും കുടിയായിരുന്നു ചികിത്സ. തലമുടിവടിച്ചു. തലമുഴുവൻ ചെറിയ സൂചികൊണ്ട്കുത്തി രക്തംപൊടിഞ്ഞശേഷം പ്രാവിന്റെ കാഷ്ഠം അരച്ചുതേച്ചു. തിപ്പലികൊണ്ടു നസ്യംചെയ്തു. തുരിശ് കലക്കി കുടിപ്പിച്ച് ഛർദ്ദിപ്പിച്ചു. നീർവാളത്തിന്റെ എണ്ണകൊടുത്ത് വയറിളക്കി. കുരുമുളകും മററും ചേർത്ത് തിളപ്പിച്ച വെള്ളം ഉപയോഗിച്ച് വസ്തിചെയ്തു. പലതവണ രക്തമോഷംനടത്തി. മൂന്നാം ദിവസം രാജാവ് മരിച്ചു. നമ്മുടെ ആയുർവ്വേദത്തിലേതിനു സമാനമായ ചികിത്സ. പശുവിന്റെ ചാണകവും, മൂത്രവും, കോഴിയുടെ കാഷ്ടവും, തലയോടുമെക്കെ ആയുർവ്വേദത്തിൽ മരുന്നുകളാണെന്നത് വിസ്മരിക്കരുത്. പ്രാകൃതമായ ചികിത്സയിൽ മനംമടുത്താണ് സാമുവൽ ഹാനിമാൻ പുതിയ ചികിത്സയെക്കുറിച്ചാലോചിച്ചത്. 1790 ലാണ് ഇത്തരമൊരു ചികിത്സാപദ്ധതി അദ്ദേഹത്തിന്റെ മനസ്സിൽ മുളപൊട്ടുന്നത്. 1810ൽ അദ്ദേഹം ആർഗാനൺ പ്രസിദ്ധികരിച്ചു. 1805 ൽ 27 ഔഷധങ്ങൾ എന്നപ്രബന്ധവും; 1821ൽ മെറ്റീരിയ മെഡിക്കയും. ശാസ്ത്രം വളർച്ച പ്രാപിച്ചിട്ടില്ലാത്ത മതവും അന്ധവിശ്വാസങ്ങളും കൊടികുത്തിവാണിരുന്ന കാലഘട്ടങ്ങളിൽ ഉദയം കൊണ്ടവയാണ് എല്ലാ പ്രകൃത ചികിത്സകളും. അതിനാൽ ഇവയിലെല്ലാം ആത്മീയതയും അന്ധവിശ്വാസങ്ങളും നിറഞ്ഞുനിൽക്കുക സ്വാഭാവികം. ഭൂത പ്രേത വിശ്വാസങ്ങളുടെ സ്വാധീനം സാമുവൽ ഹാനിമാന്റെ മയാസ സിദ്ധാന്തങ്ങളിലുമുണ്ട്.

സോറ (Psora) സിഫിലിസ് (Syphilis), സൈക്കസിസ് (Cycosis) എന്നീ മൂന്ന് മയാസങ്ങളാണ് ലോകത്തെ എല്ലാ രോഗങ്ങൾക്കും കാരണമെന്നാണ് സാമുവൽ ഹാനിമാൻ സിദ്ധാന്തിക്കുന്നത്. ഈ മയാസങ്ങൾ ലോകത്ത് എങ്ങനെ ഉണ്ടായി എന്ന ചോദ്യത്തിന് ഹാനിമാന് തൃപ്തികരമായ ഉത്തരമില്ല. മനുഷ്യനിൽ എപ്പോൾ ദുഷ്ടവിചാരമുണ്ടയോ. അപ്പോൾ. ഈ മയാസങ്ങളുമുണ്ടായി എന്ന അദ്ദേഹത്തിന്റെ വാദം ആത്മീയതയുമായി കെട്ടുപിണഞ്ഞതാണ്. " ഗർഭകാലത്ത് മനുഷ്യനെ പ്രാപിച്ച പ്രാണൻ ക്രമേണ വളർന്നു വികസിക്കുന്നു. ഈ പ്രാണൻ തകരാറില്ലാതിരിക്കുന്നിടത്തോളം ശരീരത്തിന് ഒരു ദോഷവും ഉണ്ടാകുന്നതല്ല" എന്ന കാഴ്ച്ചപ്പാട് ഇതിനുദാഹരണമാണ്. " ശരീരം, മനസ്സ്, ആത്മാവ് എന്നീ മൂന്ന് പ്രധാന ഘടകങ്ങളാണല്ലോ മനുഷ്യനിലുള്ളത്. ഇവ മൂന്നിനെയും തങ്ങളിൽക്കുട്ടിയിണക്കി മനുഷ്യനെ മനുഷ്യനായി നിലനിർത്തുന്ന ഒരു അദൃശ്യശക്തിയുണ്ടല്ലോ, അതാണു പ്രാണശക്തി" എന്നാണ് ഹോമിയോപ്പതിക്കാർ പ്രാണശക്തിയെ നിർവ്വചിക്കുന്നത്. ശരീരം ഒരു ഭൗതികയാഥാർത്ഥ്യമാണ്. മനസ്സ് ഒരു ഭൗതികവസ്തുവല്ല. തലച്ചോറിന്റെ പ്രവർത്തനം മാത്രമാണത്. (Mind is the Highest from of Matter). ആത്മാവ് ഒരു സങ്കല്പമാണ്. ആത്മീയവാദവുമായി ബന്ധപ്പെട്ട ഒരു സങ്കല്പം. ഇരുട്ടിന്റെ ചാക്കിലെ ഇല്ലാത്ത കറുത്തപൂച്ചയെ തെരയുന്ന ഏർപ്പാടാണ് ആത്മാവിനെ തെരയൽ.

ഹോമിയോപ്പതിയുടെ ഒന്നാമത്തെ അടിസ്ഥാനതത്വമാണ് Similia Similibus Curantar. സമാനനിയമം (Law of Similars) എന്നറിയപ്പെടുന്ന ഈ നിയമം അദ്ദേഹം കണ്ടെത്തിയതെങ്ങിനെയെന്നോ? മലമ്പനിക്ക് മരുന്നായി പരമ്പരാഗതമായി നൽകിയിരുന്ന സിങ്കോണസത്തിന്റെ നാലു ഗ്രാം അദ്ദേഹം കുടിച്ചുനോക്കി. ഒരസുഖമില്ലായിരുന്ന അദ്ദഹത്തിന് പെട്ടെന്ന് ശക്തമായി പനിയും, കുളിരും, വിയർക്കലുമൊക്കെ അനുവപ്പെട്ടു. തലവേദനയും, തലകറക്കവും, ദാഹവും, അതിശക്തമായ നെഞ്ചിടിപ്പും എന്നുവേണ്ട മലമ്പനിയുടെ എല്ലാ ലക്ഷണങ്ങളും ഉണ്ടായി. കുറച്ചുദിവസങ്ങൾക്കുശേഷം വീണ്ടുമദ്ദേഹം സിങ്കോണസത്ത് കഴിച്ചുനോക്കി. വീണ്ടും മലമ്പനിയുടെ ലക്ഷണങ്ങൾ അനുഭവപ്പെട്ടു. ഉടനെ അദ്ദേഹം ഒരു തത്വത്തിനു രൂപംകൊടുത്തു. ഒരുവസ്തു ആരോഗ്യവാനായ ഒരാൾ കഴിക്കുമ്പോൾ എന്തെല്ലാം രോഗലക്ഷണങ്ങൾ അയാളിൽ ഉണ്ടാകുന്നുവോ അതേരോഗ ലക്ഷണങ്ങളുള്ള രോഗിക്ക് ആവസ്തു പ്രതിവിധി ഔഷധമായിനൽകാം. സത്യത്തിൽ എന്താണ് ഹാനിമാന് സംഭവിച്ചതെന്നല്ലേ? ഹാനിമാൻ കഴിച്ച നാലു ഗ്രാം സിങ്കോണസത്തിൽ 450 mg ക്വിനൈൻ അടങ്ങിയിട്ടുണ്ട്. ഈ ക്വിനൈന്റെ ക്വിനൈൻ ഹൈപ്പർ സെൻസിവിററിയായിരുന്നു സാമുവൽ ഹാനിമാനിൽ പ്രക

ടമായത്: അല്ലാതെ മലമ്പനി ലക്ഷണങ്ങളായിരുന്നില്ല. 1818ൽ സിങ്കോണസത്തിൽ നിന്നും ക്വിനൈൻ (Quinine) വേർതിരിച്ചെടുക്കുകയും, ഡോ. വില്യം തോമസ് ക്വിനൈന്റെ adverse drug reaction നെക്കുറിച്ച് പഠനം നടത്തുകയും ചെയ്തതോടെയാണ് ഹാനിമാനുണ്ടായ അനുഭവം എന്താണെന്ന് ശാസ്ത്രലോകത്തിനുബോധ്യമായത്. മലമ്പനിക്ക് രക്തപരിശോധനവേളയിൽ സപ്രസ്സിവ് സോസായി 600mg ക്ലോറോക്വിൻ സൾഫേററ് ഒരുമിച്ചു കഴിപ്പിക്കാറുണ്ട്. അവരിൽ ക്വിനൈൻ അലർജിയുള്ളവർക്കുമാത്രമാണ് ഇത്തരം ലക്ഷണങ്ങൾ ഉണ്ടാകാറുള്ളൂ. ക്വിനൈൻ അഡ്‌വേഴ്സ് റിയാക്‌ഷൻ ഇല്ലാത്ത ഒരാൾക്കും ക്വിനൈൻ കഴിച്ചാൽ ഇത്തരം അനുഭവങ്ങൾ ഉണ്ടാകുകയില്ല. അതിനാൽ ഈ സിദ്ധാന്തത്തിന് യാതൊരുവിധ ശാസ്ത്രിയാടിത്തറയുമില്ല. ഈ സിദ്ധാന്തം തെറ്റാണ്. ഈ സിദ്ധാന്തം ശരിയാണെങ്കിൽ മൂന്നോ നാലോ ക്ലോറോക്വിൻ ഗുളികകൾ ഒരുമിച്ചുകഴിക്കുന്ന എല്ലാവർക്കും മലമ്പനി രോഗലക്ഷണങ്ങൾ ഉണ്ടാകണം. പനിയില്ലാത്ത ഒരാൾ 500mg പാരസെററമോൾ കഴിച്ചാൽ പനിയുണ്ടാകണം.

ഹോമിയോപ്പതിയുടെ രണ്ടാമത്തെ സിദ്ധാന്തം, ഓരോവ്യക്തിയും വ്യത്യസ്തനാണ്, അതിനാൽ ഔഷധങ്ങളും വ്യത്യസ്തമായിരിക്കും. രോഗി ആണോ പെണ്ണോ, ശരീരപ്രകൃതി എങ്ങനെ, സ്വഭാവം എങ്ങനെ, ശാന്തസ്വഭാവമോ കോപശീലമോ, തണുപ്പോ ചൂടോ ഇഷ്ടം എന്നിങ്ങനെ പലതുംനോക്കിയെ മരുന്നു നിശ്ചയിക്കാൻകഴിയൂ. രോഗിയുടെ വ്യക്തിത്വം മനസ്സിലാക്കി അതിനെയാണ് ഹോമിയോപ്പതി ചികത്സിക്കുന്നത്. ഒരേരോഗം ബാധിച്ച പത്തുപേർക്ക് പത്ത് വ്യത്യസ്ത മരുന്നുകളായിരിക്കും നൽകുക. ഹോമിയോപ്പതിയിൽ സ്ത്രീകൾക്ക് പ്രത്യേകം ഫലിക്കുന്നമരുന്നുകളാണ് ഇഗ്നേഷ്യം, പൾസാറ്റില. പുരുഷന്മാർക്കു പ്രത്യേകം ഫലിക്കുന്ന മരുന്നുകളാണ് ഓപ്പിയം, നക്സ്‌വാമിക്ക തുടങ്ങിയവ. കുട്ടികൾക്കു പ്രത്യേകം ഫലിക്കുന്ന മരുന്നുകളാണ് സീന, ചമോലിയ തുടങ്ങിയവ. വൃദ്ധജനങ്ങൾക്ക് പ്രത്യേകം ഫലിക്കുന്ന മരുന്നുകളാണ് ആന്റിടാർട്ട് കോണിയം, സ്നാനം മുതലായവ. അതുപേലെ ശാന്തസ്വഭാവം, കരയുന്ന പ്രകൃതം മുതലായവയുള്ളവർക്കു പ്രത്യകം ഫലിക്കുന്ന മരുന്നാണ് പൾസാററില. ഹോമിയോപ്പതി രോഗത്തെയല്ല, രോഗിയെയാണുപേലും ചികിത്സിക്കുന്നത്. (ആയുർവ്വേദം ഒരുചികിത്സയല്ല, ജിവിതരീതിയാണ് എന്ന് പറയുന്നതുപോലെയാണിതും) യാതൊരു ശാസ്ത്രിയതയുമില്ലാത്തതാണ് ഈ സിദ്ധാന്തവും. അമീബിക് ഡിസെൻടി amebic dysentery (Entamoeba histolytica മൂലമുണ്ടാകുന്ന വയറുകടി) ബാധിച്ചയാൾ സ്ത്രീയാലും, പുരുഷനായാലും ലക്ഷണങ്ങൾ സമാനമായിരിക്കും.

കുഷ്ഠമോ, ക്ഷയമോ ബാധിച്ചാലും പുരുക്ഷനും സ്ത്രീക്കുമൊക്കെ ലക്ഷണങ്ങൾ സമാനമായിരിക്കും. എങ്ങോട്ട് ചരിഞ്ഞാണ് കിടക്കുന്നത്, ചൂടാണോ തണുപ്പാണോ ഇഷ്ടം എന്നിവക്കൊന്നും ഒരു രോഗത്തിന്റെ കാര്യത്തിലും പ്രസക്തിയില്ല. കൊടുക്കുന്ന മരുന്നും ഒന്നു തന്നെയായിരിക്കും, ശാസ്ത്രിയചികിത്സയിൽ: Metronidazole അല്ലെങ്കിൽ Tinidazole.

ഹോമിയോപ്പതിയുടെ മൂന്നാമത്തെ സിദ്ധാന്തം നേർപ്പിക്കും തോറും വീര്യം വർദ്ധിക്കും എന്നതാണ്. നമ്മുടെ സ്കൂൾതലത്തിലും മറ്റും പഠിച്ച രസതന്ത്രനിയമങ്ങൾക്കുവിരുദ്ധമാണ് ഈ സിദ്ധാന്തം. ഡൈലുഷൻ (Dilusion) എന്നപദമാണ് ആദ്യ കാലത്ത് സാമുവൽ ഹനിമാൻ ഉപയോഗിച്ചിരുന്നത്. പിന്നിടതു പൊട്ടൻസിയേഷൻ (Potenciation) എന്നാക്കി. മൂന്നുതരം ആവർത്തനങ്ങളാണ് ഹോമി യോപ്പതിയിൽഉള്ളത്. ആദ്യത്തേത് ദശാംശവർത്തനം (Decimal Potency). ഔഷധങ്ങൾ ചതച്ചുപിഴിഞ്ഞോ, അരച്ചുകലക്കിയോ അരിച്ചെടുത്ത് ചീത്തയാകാതിരിക്കാൻ സ്പിരിററ്(ആൽക്കഹോൾ) ചേർത്ത്വയ്ക്കുന്നതിനെയാണ് മൂലകഷായം (Mother Tincture) എന്ന്പറയുന്നത്. ഈ മൂലകഷായത്തിൽനിന്നും ഒരുതുള്ളിയെടുത്ത് അതിൽ ഒമ്പതുതുള്ളി സ്പിരിററ് ചേർത്ത് കുലുക്കുമ്പോൾ ഒന്നാമത്തെ ദശാംശ വർത്തനം (1x) കിട്ടും. അതിൽനിന്ന് ഒരുതുള്ളിയെടുത്ത് ഒമ്പതുതുള്ളി സ്പിരിററ് ചേർത്ത് കുലുക്കുമ്പോൾ രണ്ടാമത്തെ ദശാംശവർത്തനം (2x) കിട്ടും. ഇങ്ങനെ 30x, 200x, 1000x, എന്നിങ്ങനെ ഉയർന്ന ദശാംശവർത്തനങ്ങൾ ഉണ്ടാകുന്നു. രണ്ടാമത്തെ ആവർത്തനരീതിയാണ് ശതാംശാവർത്തനം (Centesimal Potency). ഒരുതുള്ളി മദർട്രിങ്ച്ചാറെടുത്ത് അതിൽ തൊണ്ണൂററി ഒമ്പതുതുള്ളി സ്പിരിററ് ചേർത്ത് കുലുക്കുമ്പോൾ ഒന്നാമത്തെ ശതാം ശാവർത്തനം (1c) കിട്ടുന്നു. അതിൽനിന്ന് ഒരുതുള്ളിയെടുത്ത് തൊണ്ണൂററി ഒമ്പതുതുള്ളി സ്പിരിററ് ചേർത്ത് കുലുക്കിയാൽ രണ്ടാമത്തെ ശതാംശാവർത്തനം (2c) കിട്ടും. ഇങ്ങനെ 200c, 1000c, എന്നിങ്ങനെ ഉയർന്ന ശതാംശാവർത്തനം ഉണ്ടാകുന്നു. ശതാം ശാവർത്തനങ്ങൾക്ക് അക്കംമാത്രമേ എഴുതാറുള്ളു., C എന്നെഴുതാറില്ല. ഉദാഹരണം Nuscvomica 200, Sulphur 1000 എന്നിങ്ങനെ. മൂന്നാമത്തെ ആവർത്തനരീതിയാണ് ആയിരത്തിന്റെ ആവർത്തനങ്ങൾ. ഒരുതുള്ളി മദർട്രിങ്ച്ചാറിൽ തൊള്ളായിരത്തിതൊണ്ണൂററിഒമ്പതുതുള്ളി സ്പിരിററ് ചേർത്ത് കുലുക്കിയാൽ ഒന്നാമത്തെ ആയിരത്തിന്റെ ആവ ർത്തനവും അതിൽനിന്ന് ഒരുതുള്ളിയെടുത്ത് തൊള്ളായി രത്തിതൊണ്ണൂററി ഒമ്പതുതുള്ളി സ്പിരിററ് ചേർത്ത് കുലുക്കിയാൽ രണ്ടാമത്തെ ആയിരത്തിന്റെ ആവർത്തനവുംലഭിക്കും. Mഎന്ന അക്ഷരമാണ് ആയിരത്തിന്റെ ആവർത്തനത്തെ സുചിപ്പിക്കുന്നതിന്

ഉപയോഗിക്കുന്നത്. 10m എന്നുപറഞ്ഞാൽ 10000 ആവർത്തനത്തെയും, CM എന്നത് ലക്ഷം ആവർത്തനത്തെയും സുചിപ്പിക്കുന്നു.

ചതച്ചുപിഴിഞ്ഞ് നീരെടുക്കുവാൻ പറ്റാത്ത ധാതുലവണങ്ങൾ, ഘനലോഹങ്ങൾ എന്നിവ ആവർത്തിക്കാൻ, അരച്ചെടുക്കുകയാണു ചെയ്യുക. ഗ്രെയിൻ അരയ്ക്കേണ്ട (ആവർത്തിക്കേണ്ട) പദാർത്ഥമെടുത്ത്, അരയ്ക്കുന്ന പാത്രത്തിലിട്ട് അതിന്റെകുടെ ഒരു നൂറ് ഗ്രെയിൻ പാൽ പഞ്ചസാര (Milk of Sugar)യുടെ മൂന്നിലൊന്നു ഗ്രാമിട്ട് സ്പാററുലകൊണ്ട് നന്നായി ഇളക്കിചേർത്തശേഷം ആറോ ഏഴോ മിനിററുനേരം നന്നായിഅരക്കുന്നു. അതിനുശേഷം സ്പാററുലകൊണ്ട് ചുരണ്ടിചേർത്തശേഷം ബാക്കിയിരിക്കുന്ന മൂന്നിൽ രണ്ടിന്റെ പകുതിചേർത്ത് ഇളക്കിയോജിപ്പിച്ചശേഷം ആറേഴുമിനിറ്റ് നന്നായി അരയ്ക്കുന്നു. പിന്നിട് അവശേഷിക്കുന്ന മൂന്നിലൊന്നു കുട്ടിചേർത്ത് നന്നായി അരക്കുന്നു. ഇത് നൂറിന്റെ ആവർത്തനമാണെങ്കിൽ പതിനാ യിരത്തിന്റെ ആവർത്തനമുണ്ടാക്കാൻ മേൽ പറഞ്ഞ പൊടിയിൽനിന്നും ഒരു ഗ്രെയിൻ എടുത്ത് നൂറ് ഗ്രെയിൻ പാൽ പഞ്ചസാരയുമായി ചേർത്ത് മുൻപറഞ്ഞ രീതിയിൽ അരച്ചെടുത്താൽ മതിയാകും. ഓറംമെററ് (സ്വർണ്ണം), കുപ്രംമെററ് (ചെമ്പ്), സ്ററാനംമെററ്(നാകം), അർജന്റാമെററ്(വെളളി), പ്ലാററിനംമെററ്(പ്ലാററിനം) എന്നിവ ഇങ്ങനെ അരച്ചെടുത്ത് ആവർത്തിക്കുബോൾ 64.8 പൈക്രോഗ്രാം, 81.4 പൈക്രോഗ്രാം, 104.6 പൈക്രോഗ്രാം, 1199 പൈക്രോഗ്രാം, 730.2 പൈക്രോഗ്രാം, 485.4 പൈക്രോഗ്രാം എന്നിങ്ങനെയുള്ള സൂക്ഷ്മതരികളായിമാറുന്നു. (1 പൈക്രോ ഗ്രാം = $10^{12}$ ഗ്രാം) സൂക്ഷ്മ തരികൾ പിന്നെചെറുതാകുന്നില്ല. അതിനാൽ പിന്നെ എത്രതവണ അരച്ചാലും (ആവർത്തിച്ചാലും) അവ ചെറുതാകുന്നില്ല. അതിനാൽ ഘനലോഹങ്ങൾ ആവർത്തിച്ചെടുക്കുന്ന പാൽ പഞ്ചസാരപ്പൊടിയിൽ ഘനലോഹത്തരികൾ സ്വാഭാവികമാണ്. ഇവ വെളളത്തിൽ കലക്കികുടിക്കുമ്പോൾ അവ മനുഷ്യ ശരീരത്തിലെത്തുകയും വൃക്കകളിലെത്തി വൃക്ക നാശത്തിനിടയാക്കുകയും ചെയ്യുക സർവ്വ സാധാരണമാണ്. ഹോമിയോ മരുന്നുകളായ ഹെവിമെററൽസിന്റെ ആവർത്തനം രോഗം സുഖപ്പെടുത്തുന്നില്ലെന്നതോപോട്ടെ, വൃക്കനശിപ്പിച്ച് മനുഷ്യനെ മരണത്തിലേക്കു തള്ളിവിടുകയും ചെയ്യുന്നു. (ഘനലോഹങ്ങൾ നേർപ്പിക്കുക സാധ്യമല്ല. അതിനാൽ ഘനലോഹങ്ങൾ ആവർത്തിക്കുന്നു എന്നതു തന്നെ ശുദ്ധതട്ടിപ്പാണ്).

അതേസമയം മദർടിങ്ചർ ആവർത്തിച്ചുണ്ടക്കുന്ന ഹോമിയോ മരുന്നുകൾ വെറും പഞ്ചസാര ഗുളികകൾ (പ്ലാസിബോകൾ) മാത്രമാണ്. നേർപ്പിക്കുന്തോറും വീര്യം കൂടുകയല്ല, കുറയുകയാണ് ചെയ്യുന്നതെന്ന്

സ്ക്കുളിൽ പഠിച്ചിട്ടുള്ള ഏതുകുട്ടിക്കുമറിയാം. ഒരു തുള്ളി പൂരിത ഹൈഡ്രോക്ലോറിക്കാസിഡ് ഒരുലിററർ വെള്ളത്തിൽ ഒഴിച്ചാൽ വീര്യം കുറയുമോ, കുടുമോ? ഇതുതന്നെയാണ് മദർട്രിങ്ചറിന്റെ കാര്യത്തിലും സംഭവിക്കുന്നത്. "When Medicines are diluted beyoud such levels, even a molecule of the original substance is not remaining in the solution because the homoeopathic medicines work and remain in a separate level of substance called dynamic plane, which is beyoud the experiments in a clinical laboratory". (Dr. A. Muhammad Salim – Homoeo doctor. 22-03-2006. The New Indian Express) നേർപ്പിക്കുമ്പോൾ മരുന്ന് ഒരു പ്രത്യേകതലത്തിലാണ് പ്രവർത്തിക്കുന്നത്, അത് ലാബ്രട്ടറി പരീക്ഷണങ്ങൾക്ക് അതീതമാണ് എന്നൊക്കെപ്പറഞ്ഞാൽ ശാസ്ത്ര ത്തിന് അംഗീകരിക്കാൻ കഴിയുമോ? " The theory that the more dilute the medicine, the more potent it becomes is not beyond common sense". മനുഷ്യൻ എന്ന പദത്തിന്റെ അർത്ഥം ചിന്തിക്കുന്നമൃഗം (Rational Animal) എന്നാണ്. സാമാന്യബുദ്ധിക്കും, ചിന്തക്കും, പരീക്ഷണ നിരീക്ഷണങ്ങൾക്കും വിധേയമല്ലാത്ത ഒന്ന് ഇവരെങ്ങനെ അറിഞ്ഞു. (ദൈവം, നരകം, സ്വർഗ്ഗം, പിശാച് എന്നിത്യാദി കഥകൾ പോലെ ഒരു തെളിവുമില്ലാതെ വിശ്വസിക്കണോ ഇതും?) നിരീക്ഷണപരീക്ഷണങ്ങളാൽ സാധൂകരിക്കപ്പെടാത്ത ഒരു സിദ്ധാന്തവും ശാസ്ത്ര തത്വമായി അംഗീകരിക്കില്ല

അത് ആവിഷ്ക്കരിച്ചയാൾ എത്ര പ്രഗത്ഭനായിരുന്നാലും. ശരിയോ തെറേറാ എന്ന് പരിശോധിക്കാൻ കഴിയാത്ത പരീക്ഷണങ്ങൾക്കോ സാധ്യതയില്ലാത്ത ഒരുതത്വവും ശാസ്ത്രത്തിനു സ്വീകാര്യമല്ല. യുക്തിയാണ് ശാസ്ത്രത്തിന്റെഅടിത്തറ. നിരീക്ഷണ പരീക്ഷണങ്ങളിലൂടെ യാഥാർത്ഥ്യത്തെ കണ്ടെത്തുന്നരീതിക്കാണ് ശാസ്ത്രമെന്നുപറയുന്നത്.

മദർട്രിങ്ചറിലെ ഒരുതുള്ളി ആവർത്തിച്ചാവർത്തിച്ച് 30c യിൽ എത്തുമ്പോൾ മദർട്രിങ്ചറിന്റെ ഒരുമോളിക്യൂൾപോലും അതിലുണ്ടാകില്ല. " a 30c homeopathic preparation is a dilution of one in $100^{30}$ or rather $10^{60}$-or one followed by sixty zeroes'. To avoid any misunderstandings, this is a dilution of one in 1, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, 000, or to phrase it in the society of Homeopaths' term, 'One part per million million million million million million million million million million '. This is definitely 'less than one part per million of the original

substance................. At a homeopathic dilution of 200c (you can buy much higher dilutions from any homeopathic supplier) the treating substance is diluted more than the total number of atoms in the universe, and by an enormously huge margin. (Page 33-34. Bad Science – Ben Goldacre.) നമ്മുടെ ഹൈസ്ക്കൂളുകളിൽ രസതന്ത്രപാഠപുസ്തകങ്ങളിൽ പഠിപ്പിക്കുന്ന അവഗാഡ്രോ സിദ്ധാന്തത്തിനു പോലും നിരക്കുന്നതല്ല ഹോമിയോപ്പതിയുടെ ആവർത്തന സിദ്ധാന്തം. പച്ചവെള്ളം കൊടുത്ത് ആളുകളെ വിഢികളാക്കുകയാണ് ഹോമിയോപ്പതിക്കാർ, ജർമ്മനിയിൽപ്പോലും അന്യം നിന്ന ഒരു ചികിത്സാരീതിയാണ് ഹോമിയോപ്പതി. പദാർത്ഥമില്ലാതായാലും സ്പിരിററിലും വെള്ളത്തിലുമൊക്കെ അതിന്റെ ഓർമ്മ (water memory) നിലനിൽക്കും എന്ന അവകാശവാദവും തെററാണ്. ഹോമി യോപ്പതിക്കാർക്കെതിരെയുള്ള ജയിംസ് റാൻഡി (James Randy)യുടെ ഒരു മില്യൻ ഡോളറിന്റെ വെല്ലുവിളി ഇന്നും ഏറെറടുക്കാതെ നിലനിൽക്കുന്നു എന്നുകൂടി ഓർക്കുക.

# പ്രകൃതി ചികിത്സ - യോഗ

മനുഷ്യൻ സസ്യഭുക്കാണെന്നും, മാംസാഹാരമുൾപ്പെടെയുള്ള തെററായ ഭക്ഷണരീതികൾ മൂലം ശരീരത്തിൽ മാലിന്യങ്ങൾ അടിഞ്ഞുകുടുന്നതാണ് രോഗങ്ങൾക്കെല്ലാം കാരണമെന്നുമാണ് പ്രകൃതിചികിത്സകർ പറയുന്നത്. വിഷസങ്കലനം എന്ന സിദ്ധാന്തത്തിലൊതുങ്ങുന്നു ഇവരുടെ രോഗകാരണസങ്കൽല്പം. രോഗാണുക്കളല്ല രോഗകാരണംപോലും! വിഷസങ്കലനം ഒഴിവാക്കാൻ പ്രകൃതിവിരുദ്ധമായ ഭക്ഷണരീതികൾ പാടേമാററുക. പഴങ്ങളും വേവിക്കാത്ത പച്ചക്കറികളുമൊക്കെ ഭക്ഷിക്കുക. ഉപവസിക്കുക. പ്രകൃതിചികിത്സയ്ക്ക് നിരവധി ആചാര്യന്മരുണ്ടെങ്കിലും ഇൻഡ്യയിലെ പ്രകൃതിചികിത്സാചാര്യൻ എം. കെ. ഗാന്ധിയാണ്. പഞ്ചഭൂതങ്ങളാൽ ( ഭൂമി, വെള്ളം, ആകാശം, വെളിച്ചം, വായു) നിർമ്മിതമാണ് മനുഷ്യശരീരമെന്ന് ഇവർ പറയുന്നു. മനുഷ്യശരീരം അഴുക്കിന്റെ ഖനിയായിട്ടാണ് വിശേഷിക്കപ്പെടുന്നത്. ഇതിൽ അത്യുക്തിയില്ല. ശരീരം അഴുക്കല്ലാതെ മറെറാന്നുമല്ലെങ്കിൽ അതിനെനോക്കാൻ നാമിത്രപാടുപെടുന്നതിലർത്ഥമില്ല അഴുക്കിന്റെ ഈഖനി ശരിയായി ഉപയോഗിക്കണമെന്നുണ്ടെങ്കിൽ അദ്യമായി അതിനെ വൃത്തിയാക്കി നല്ലനിലയിൽ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്, (ആരോഗ്യത്തിലേക്കുള്ളവഴി പേജ്. 6 എം. കെ. ഗാന്ധി.) ഇവിടെ ഗാന്ധി ശിഷ്യൻന്മാരായിരുന്നു ആദ്യകാലത്ത് പ്രകൃതി ചികിത്സയുടെ പ്രചാകരെങ്കിൽ, ഇന്ന് ശാസ്ത്രവിരുദ്ധരായ കുറെ പുരോഗമനവാദികളും സർക്കാരുകളുമൊക്കെ അവരോടൊപ്പം അണി ചേർന്നിരിക്കുന്നു. പലരേയും ചികിത്സിച്ചു കൊല്ലലാണ് ഇന്ന് ഇവരുടെ വിനോദം. ഗാന്ധി പറയുന്നത് പാൽ സസ്യാഹാരമാണ്, മാംസ്യാഹരമല്ല എന്നാണ് അതുപോലെ ഫെർട്ടിലൈസേഷൻ നടക്കാത്ത മുട്ടയും മാംസ്യാഹരമല്ലപോലും! പിടക്കോഴിയെ പൂവനെ കാണാൻ അനുവദിക്കാതെ മുട്ടകളിടുവിക്കുന്നു. കഴമ്പില്ലാത്ത മുട്ട ഒരിക്കലും കോഴികുഞ്ഞായിത്തീരുന്നില്ലാ. അതുകൊണ്ട് പാലുകഴിക്കുന്ന ഒരാൾക്ക് യാതൊരു തടസ്സവും കുടാതെ ഇത്തരം മുട്ടകൾ കഴിക്കാം. മനുഷ്യന്റെ പല്ലും, ആമാശയവും, കുടലുമെല്ലാം നിരീക്ഷിക്കുബോൾ, പ്രകൃതി മനുഷ്യനോട് ഒരു സസ്യഭുക്കായിരിക്കുവാനാണ് ആവശ്യപ്പെടുന്നതെന്നു വ്യക്തം. (പേജ്:10ആരോഗ്യത്തിലേക്കുള്ളവഴി)

ഗാന്ധിയുടെ ഈവാദം തികച്ചും അശാസ്ത്രിയമാണ്. മനുഷ്യൻ ഒരു സസ്യഭുക്കോ, മാംസഭുക്കോ അല്ല; മിശ്രഭുക്കാണ്. സസ്യാഹാരികളുടെ അമാശയ ഘടനയല്ല മനുഷ്യന്റെ ആമാശയത്തിന്റേത്. മാംസഭുക്കുകളെപ്പോലെ കോമ്പല്ലുകൾ മനുഷ്യനുണ്ട്. പ്രോട്ടിൻ ദഹിപ്പിക്കുന്നതിനാവശ്യമായ ട്രിപ്സിൻ (Trypsin) എന്ന ദഹനരസം മനുഷ്യനുണ്ട്. അതേസമയം സെല്ലുലോസ് ദഹിപ്പിക്കുന്നതിനുള്ള കഴിവ് മനുഷ്യന്റെ പചനവ്യൂഹത്തിനില്ല. വേവിച്ച ഭക്ഷണം മാത്രം ദഹിപ്പിക്കാനുള്ള കഴിവേ അതിനുള്ളു. സസ്യാഹാരം വേവിക്കുമ്പോൾ കോശഭിത്തികൾ (Cell walls) തകർക്കപ്പെടുകയും സെല്ലുലോസ് ദഹിക്കാൻ പാകത്തിലാക്കുകയും ചെയ്യുന്നു. അമിലോസിന് സെല്ലുലോസ് സ്റ്റാർച്ച് തുടങ്ങിയവയെ ഗ്ലൂക്കോസാക്കി മാററാൻ കഴിയും. പച്ചിലകളും പച്ചക്കറികളുമൊന്നും വേവിച്ചില്ലെങ്കിൽ ദഹിക്കാതെ പുറത്തുപോകും എന്നതാണു സത്യം.

പ്രകൃതിചികിത്സകർ പറയുന്നത് പഞ്ചസാര വെളുത്ത വിഷമാണെന്നാണ്. കരിമ്പിൻ ജൂസിൽനിന്നും കാത്സ്യവും ഫോസ്ഫറസുമൊക്കെ നീക്കം ചെയ്ത്, 23 തരം കെമിക്കലുകൾ ചേർത്തുണ്ടാക്കുന്ന രാസപദാർത്ഥമാണ് പഞ്ചസാര എന്ന വെളുത്ത വിഷം പോലും! പ്രകൃതിചികിത്സകരുടെ ഈ വാദം തികച്ചും വസ്തുതാ വിരുദ്ധമാണ്. കാരണം, തേൻ പ്രകൃതിചികിത്സകർക്കു വളരെ വിശിഷ്ടഭോജ്യ വസ്തുവാണ് അതുപോലെ പഴങ്ങളും. തേനിലും, ശർക്കരയിലും, പഴങ്ങളിലും, പഞ്ചസാരയിലുമൊക്കെയുള്ളത് ഗ്ലൂക്കോസാണ്. സ്റ്റാർച്ച്, ഗ്ലൂക്കോസ്, ഫ്രൂട്ടോസ് എന്നിവയെല്ലാം ഒരേ വസ്തുതന്നെയാണ്. സ്റ്റാർച്ച് (Starch) $C_{12} H_{22} O_{11}$ എന്നതും, ഗ്ലൂക്കോസ് (Glucose) $C_6 H_{12} O_6$ എന്നതും, ഫ്രൂട്ടോസ് (Fructose)$C_5 H_{10} O_4$ എന്നതുമാണ്. പെന്റോസ് (Pentose) അഥവാ റൈബോസ് (Ribose) പഞ്ചസാരയുടെ രാസഘടന $C_5 H_{10} O_5$ എന്നതാണെങ്കിൽ ഡിഓക്സിറൈബോസി *(*De oxy ribose) ന്റേത് $C_5 H_{10} O_4$ എന്നതുതന്നെയാണ്. Cellulose $C_6 H_{10} O_5$ എന്നതും പഞ്ചസാര (Sugar) അഥവ സുക്രോസ് (Sucrose) എന്നത് $C_{12} H_{22} O_{11}$ എന്നതുമാണ് പ്രകൃതി ചികിത്സകർ മറന്നുകളയുന്നു. നമുക്ക് പ്രവർത്തി ചെയ്യണമെങ്കിൽ ഊർജ്ജം വേണം. ഒരു ഗ്രാം സ്റ്റാർച്ച് 4 കലോറി ഊർജ്ജം തരുന്നു. (ഒരു ഗ്രാം പ്രൊട്ടീൻ 4 കലോറിയും, ഒരു ഗ്രാം കൊഴുപ്പ് (Fats) 9 കലോറിയും) മനുഷ്യന്റെ മുഖ്യഊർജ്ജ ഉറവിടം അന്നജം അഥവ സ്റ്റാർച്ചുതന്നെയാണ്. സ്റ്റാർച്ചിന്റെ കുറച്ചു കൂടി ലളിതമായ രൂപമാണ് പഞ്ചസാര. ചോറുകഴിക്കാം, പഞ്ചസാര പാടില്ല. ചോറുകുറച്ചുനേരം ചവച്ചരച്ചാൽ മധുരിക്കും. കാരണം ഉമിനീരിലെ അമിലേസ് (Amylase) ചോറിലെ അന്നജത്തെ ഗ്ലൂക്കോസാക്കിമാററുന്നു എന്നതു തന്നെ.

അജിനോമോട്ടോ കാൻസറുണ്ടാക്കുമെന്നും വിഷമാണെന്നു മററുമുള്ള പ്രകൃതി ചികിത്സകരുടെ പ്രചരണവും വാസ്തവ വിരുദ്ധമാണ്. അജിനോമോട്ടോ (M.S.G) (Mono Sodium Glulamate) ചൈന, ജപ്പാൻ, ഉത്തരേന്ധ്യ മുതലായസ്ഥലങ്ങളിൽ ക്ഷണത്തിനു രുചികൂട്ടാൻ വ്യാപകമായി ഉപയോഗിക്കുന്ന ഒരു രാസവസ്തുവാണ്. ഇത് കാൻസറുണ്ടാക്കുമായിരുന്നെങ്കിൽ ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യക്കാരെല്ലാം കാൻസർ രോഗി കളായിമാറിയെനെ. ഉപ്പ്, പുളി, ചവർപ്പ്(കയ്പ്പ്) മധുരം എന്നീ നാലുരുചികൾ കൂടാതെ നാവിൽ ഇറച്ചിയുണ്ടാക്കുന്ന മാംസച്ചുവ എന്നൊരു അഞ്ചാമത്തെ രുചിയുണ്ട്. ഈ രുചിയുണ്ടാക്കുന്ന അല്ലെങ്കിൽ മാംസചുവയറിയുന്ന രസമുകളങ്ങളെ ഉത്തേജിപ്പിച്ച് പുതിയൊരു രുചിയായി അനുഭവിപ്പിക്കുകയാണ് അജിനോമോട്ടോ ചെയ്യുന്നത്. ഇത് വൃക്കകളെ തകരാറിലാക്കും, അൾസറുണ്ടാക്കും, കാൻസറുണ്ടാക്കും, മസ്തിഷ്ക്കക്ഷയമുണ്ടാക്കും എന്നിങ്ങനെയുള്ള പ്രചാരണങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണ്. പാശ്ച്യാത്യ രാജ്യങ്ങളിലും ഇതു ഉപയോഗിക്കുന്നുണ്ട്. ലോകപ്രശസ്തമായ കെന്റിക്കി ഫ്രൈഡ് ചിക്കനിലും അജിനോമോട്ടോ ഉപയോഗിക്കുന്നുണ്ട്. അജിനോമോട്ടോയോട് അലർജിയുള്ളവർക്ക് മനംപുരട്ടൽ, മൈഗ്രേൻ, അലർജി എന്നിവ ഉണ്ടായെന്നുവരാം. ഈ വസ്തു പ്രകൃത്യാതന്നെ പാല്, മത്സ്യമാംസാദികൾ, ചിലയിനം പച്ചക്കറികൾ എന്നിവ കളിലെല്ലാം അടങ്ങിയിട്ടുണ്ട്. (Sodium Salt of Glutamic Acid – $C_5 H_8 O_4 N_a N$)

മൈദ എന്ന പേരുകേൾക്കുന്നതുപോലും പ്രകൃതി ചികിത്സകർക്കിഷ്ടമല്ല. മൈദ കുടലിൽ ഒട്ടിപ്പിടിക്കുംപോലും! പ്രകൃതിചികിത്സകർ ഇത്രമാത്രം വെറുക്കുന്ന, വിഷസമാനമായ മൈദ (അമേരിക്കൻമാവ്) എന്താണെന്നല്ലേ? അവർ കഴിക്കുന്ന ഗോതമ്പിൽ നിന്നെടുക്കുന്നതു തന്നെയാണ്. ഗോതമ്പിന്റെ പുറംതൊലിയും തവിടും കളഞ്ഞാൽ ഉൾക്കാമ്പ്കിട്ടും. ഈ ഉൾക്കാമ്പ് പൊടിചെടുക്കുന്ന പൊടിയാണ് മൈദ. തവിട് കളയുന്നതുമൂലം നാരുകൾ ഈ പൊടിയിൽ ഉണ്ടാകില്ലാ എന്നു മാത്രം. പരിപൂർണ്ണമായും സ്റ്റാർച്ചും, അല്പം പ്രോട്ടീനും അടങ്ങിയതാണ് മൈദ. എത്രമാത്രം ശുഷ്ക്കമാണ് പ്രകൃതി ചികിത്സകരുടെ ശാസ്ത്രബോധം എന്നുനാമിവിടെ തിരിച്ചറിയേണ്ടതുണ്ട്.

AYUSH ന്റെ വരവോടെ കപടശാസ്ത്രങ്ങളെല്ലാം വൻ പ്രചാരം നേടികൊണ്ടിരിക്കുകയാണ്. (AYUSH- ആയുർവ്വേദം, യോഗ, സിദ്ധ, ഹോമിയോപ്പതി) ബി.ജെ.പി സർക്കാർ അധികാരമേറിയതോടെ സ്കൂളുകളിൽ യോഗയും സംസ്കൃതവുമൊക്കെ പരിശീലിപ്പിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു. തിരുവനന്തപുരത്തെ പട്ടം താണുപിള്ള സ്മാരക ജില്ലാസർക്കാർ ഹോമിയോആശുപത്രി (കിഴക്കേകോട്ട, തിരു

വനന്തപുരം) അച്ചടിച്ചു വിതരണം ചെയ്തിരിക്കുന്ന ലഘുലേഖ തുടങ്ങുന്നതുതന്നെ സൂര്യനമസ്ക്കാരത്തോടെയാണ്. അതിൽ പറയുന്ന " യോഗാഭ്യാസമുറകളുടെ കൂട്ടത്തിൽ ഏററവും പ്രധാനമാണ് സൂര്യനമസ്ക്കാരം. ശരീരത്തിലെ എല്ലാസന്ധികൾക്കും പേശികൾക്കും അയവ് നൽകുന്ന സമ്പൂർണ്ണ വ്യായാമമാണിത്. ഇതിന് പന്ത്രണ്ടു ശാരീരികനിലകളുണ്ട്. ശരീരത്തിലെ എല്ലാഭാഗങ്ങൾക്കും ലാഘവത്വം ഉണ്ടാകും. സൂര്യനമസ്ക്കാരത്തിലൂടെ ശ്വസനക്രമീകരണവും സാധിക്കും. മനസ്സ് ഏകാഗ്രമാക്കുവാനും ഇത് നല്ലതാണ്." സന്യാസിമാർക്കുവേണ്ടി ഉണ്ടാക്കിയതാണ് പതഞ്ജലിയോഗം. AD 800 കാലഘട്ടമെത്തുമ്പോഴേക്കും ഇത് താന്ത്രികപാരമ്പര്യവുമായി ഇഴുകിച്ചേർന്ന് ഹഠയോഗം ആയി പരിണമിക്കുന്നു. ഹൈന്ദവ സന്യാസാശ്രമങ്ങളിൽ ആദ്ധ്യാത്മികതയുടെ ഭാഗമായി ഒതുങ്ങിക്കിടന്നിരുന്ന ഹഠയോഗത്തെയും പതഞ്ജലിയോഗയേയുമൊക്കെ സമൂഹമധ്യത്തിലെത്തിച്ചത് ടി. കൃഷ്ണമാചാരിയും അദ്ദേഹത്തിന്റെ ശിഷ്യനായ ബി.കെ.എസ്. അയ്യങ്കാറുമാണ്. ഇന്നതിനെ നന്നായി കച്ചവടം ചെയ്യുന്നത് ശ്രീശ്രീ രവിശങ്കറും, ബാബ രാംദേവുമൊക്കെയാണ്. പ്രാണായാമം സുദർശനക്രിയ എന്നപേരിൽ ശ്രീശ്രീ രവിശങ്കർ വിറ്റഴിക്കുമ്പോൾ, ആയുർവ്വേദവും യോഗയും കൂട്ടിചേർത്തുള്ള കോടികളുടെ കച്ചവടമാണ് ബാബരാംദേവ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് കോൺഗ്രസ് ബിജെപി ഭരണകൂടങ്ങളുടെ നിർലോഭമായ പിന്തുണയുമുണ്ട്. സത്യത്തിൽ യോഗ ഒരുവ്യായാമ മുറയല്ല; ജിംനാസ്റ്റിക്കിന്റെ ഒരു പ്രാചീന ഇൻഡ്യൻ രൂപം മാത്രമാണ്.

മിക്ക യോഗാസനങ്ങളും പ്രകൃതിയിലെ ജീവജാലങ്ങളുടെയോ ഉപകരണങ്ങളുടെയോ ആകൃതിയെ അനുകരിക്കലാണ്. കലപ്പയുടെ ആകൃതി അനുകരിക്കലാണ് ഹലാസനം. ഗോമുഖാസനം പശുവിന്റെ മുഖത്തെ അനുകരിക്കലാണ്. മത്സ്യാസനം, ശലഭാസനം, ബാണാസനം, നൗകാസനം, മാരീചാസനം, കാകാസനം, സേതുബന്ധനാസനം, അർദ്ധചക്രാസനം, ത്രികോണാസനം, ധനുരാസനം, ബകാസനം, വ്യാഘ്രാസനം, സിംഹാസനം, ഗരുഡാസനം, മേരുദണ്ഡാസനം, വൃക്ഷാസനം, മണ്ഡൂകാസനം എന്നിങ്ങനെ നിരവധി ആസനങ്ങൾ പ്രകൃതിയിലുള്ള പലതിന്റെ ആകൃതി അനുകരിക്കലാണ്. ഇവയൊന്നും ശരീരത്തിന് വ്യായാമത്തിന്റെ ഫലം നൽകുന്നില്ല എന്നുമാത്രമല്ല, പലപ്പോഴും സന്ധികളിലെ സ്തായുകളുടെ പൊട്ടലിനും വലിച്ചിലിനും ഹേതുവാകുകയും ചെയ്യുന്നു. എക്സർസൈസ് എന്നാൽ ശരീരത്തിലെ സന്ധികൾക്ക് ചലനം നൽകുന്നതും പേശികൾ ചലിക്കാനും അതിലൂടെ ശരീരത്തിലടിഞ്ഞുകൂടിയ കൊഴുപ്പ് കത്തിച്ചു കളയുന്നതുമാകണം. 1 Kg കൊഴുപ്പിൽ 7600 കലോറി ഊർജ്ജം അടങ്ങി

യിട്ടുണ്ട്. അരമണിക്കൂർ നടക്കുമ്പോൾ 200 കലോറി ഊർജ്ജംതീരും. 38 ദിവസം നടക്കുമ്പോൾ 1 Kg കൊഴുപ്പ് കത്തിത്തീരും. (ഒരാൾക്ക് ആവശ്യമായ മൊത്തം ഊർജ്ജത്തിന്റെ 5 ശതമാനം പഞ്ചസാരയിൽ നിന്നാകാം. 25 gm പഞ്ചസാര (5 സ്പൂൺ) വരെ ഒരു പ്രമേഹ രോഗിക്കു കഴിക്കാം.) ഏററവും നല്ല വ്യായാമം ഓട്ടം, നീന്തൽ, നടത്തം എന്നിവ തന്നെയാണ്. സന്ധിബന്ധങ്ങൾക്കു തകരാറുസംഭവിക്കാത്ത രീതിയിലുള്ള വ്യായാമങ്ങളാണ് ഫിസിയോതെറാപ്പിയിലെ വ്യായാമങ്ങൾ. യോഗ ഒരുനല്ല വ്യായാമരീതിപോലുമല്ലെന്നു തിരിച്ചറിയാനുള്ള ശാസ്ത്രബോധവും യുക്തി ബോധവു മില്ലാത്തവരുടെ ഈ നാട്ടിൽ ആത്മിയതയുമായി ബന്ധപ്പെട്ട ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യോഗ, പ്രകൃതി ചികിത്സ, യുനാനി എന്നിവയെയൊക്കെ ആയുഷായി സ്ക്കൂളുകളിലേക്കു കടന്നു കയറുന്നെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല.

*അധികവായനയ്ക്ക്:*

| | | |
|---|---|---|
| വിലപേശപ്പെടുന്ന ആരോഗ്യം | : | ഡോ: മനോജ് കോമത്ത്. |
| രോഗം ചികിത്സ കച്ചവടം | : | ഡോ: കെ.പി മോഹനൻ |
| ആയുർവ്വേദം ശാസ്ത്രീയമോ? | : | ജോസഫ് വടക്കൻ |
| ചികിത്സയുടെ പ്രകൃതിപാഠങ്ങൾ | : | ഡോ: മനോജ് കോമത്ത്. |
| Bad Sciences | : | Ben Goldacre |
| Homeopathy – An Illussion | : | Dineshkumar Jain |
| അരുന്നുകളും മനുഷ്യശരീരവും | : | ഡോ: പി.എസ് വാസുദേവൻ |
| കേരളത്തിലെ വിഷപ്പാമ്പുകൾ | : | ഡോ: കെ.ജി അടിയോടി |
| പാമ്പുകടിയും വിഷചികിത്സയും | : | ഡോ: മനോജ് കോമത്ത്. |
| Pharmacology | : | Rang & Dale's |
| Disease of the Liver and Biliary System | : | Sherlock and Dooley |
| The Origins of Yoga and Tanthra | : | Geoffrey Samuel |
| Indian Materia Medica | : | A.K. Nadkarni |
| അഷ്ടാംഗഹൃദയം | | |

printed at impressive impression, kochi-18.